
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2019 മാർച്ച്
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**ചിറകുള്ള മനുഷ്യൻ**
(വൈജ്ഞാനികം)
കെ എൻ കുട്ടി കടമ്പഴിപ്പുറം
വില ₹70





**രാമു കാര്യാട്ട്**
(ജീവചരിത്രം)
എ ചന്ദ്രശേഖർ
വില ₹90



**തിരകളില്ലാത്ത കടൽ**
(കഥകൾ)
സതീഷ് കിടാരക്കുഴി
വില ₹110





**ഫാദർ തിയോഫിൻ**
(ജീവചരിത്രം)
സെബാസ്റ്റ്യൻ പള്ളിത്തോട്
വില ₹80





**ജലം ജീവൻ**
(വൈജ്ഞാനികം)
ഡോ. വി വി കുഞ്ഞിക്കൃഷ്ണൻ
വില ₹50



**കുപ്പായമിടാത്ത അപ്പൂപ്പൻ**
(വൈജ്ഞാനികം)
പയ്യന്നൂർ കുഞ്ഞിരാമൻ
വില ₹75




**അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ**
(നോവൽ)
കെ എ ബീന
വില ₹40



**ഗണിതശാസ്ത്ര മനീഷികൾ**
(നാടകം)
സി എ സ്കറിയാക്കുട്ടി
വില ₹70




**ആനക്കുട്ടിയും കാട്ടുപ്ലാവും**
(കഥ)
ഡോ. അമിതാബച്ചൻ
വില ₹60



**വിരലമർത്താം വരയ്ക്കാം**
(കാർട്ടൂൺ)
അരവിന്ദ് ഗുപ്ത
വില ₹75



**കുസൃതിക്കഥകൾ**
(കഥ)
ഹരി ചാരുത
വില ₹50

**കൂടുതൽ പുസ്തകങ്ങൾക്ക്**
**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

മാർച്ച് 2019
വില ₹20
വാർഷികവരിസംഖ്യ ₹200


ഉള്ളടക്കം

## പെരുങ്കള്ളി

**ഗ്രേസി**

6



വിഷു ആഘോഷിക്കാൻ നാട്ടിലെത്തിയതായിരുന്നു അവർ. കള്ളൻ കയറി അലങ്കോലമാക്കിയിട്ടിരിക്കുന്ന വീടായിരുന്നു അവരെ അവിടെ സ്വീകരിച്ചത്. ആ കള്ളനെ കബളിപ്പിച്ച പെരുങ്കള്ളിയുടെ കഥ കൂട്ടുകാർ വായിക്കൂ...

## എല്ലാവർക്കും ജലം... എല്ലാവരെയും പരിഗണിച്ചുകൊണ്ട്...

10

**എസ് ശാന്തി**



ലോക ജലദിനത്തിന്റെ ഈ വർഷത്തെ പ്രമേയം ആരെയും വഴിയിൽ ഉപേക്ഷിക്കില്ല എന്നതാണ്. 2030 ആവുമ്പോഴേക്കും എല്ലാ മനുഷ്യർക്കും ശുദ്ധവും സുരക്ഷിതവുമായ ജലം ലഭ്യമാവണം എന്നതാണ് ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസനത്തെ കുറിച്ചുള്ള പ്രധാന ലക്ഷ്യം. ലോക ജലദിനത്തെ കുറിച്ചുള്ള ഈ ലേഖനം വായിക്കൂ...

## പരിസ്ഥിതിക്കു വേണ്ടി പോരാടിയ വനിതകൾ

18

**മേരി അനീറ്റ**

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം. ഈയവസരത്തിൽ പ്രകൃതിസംരക്ഷണത്തിനും വന്യജീവികളുടെ സുരക്ഷയ്ക്കുമായി ജീവിതം മാറ്റി വച്ച സാഹസികരായ ഏതാനും സ്ത്രീരത്നങ്ങളെ നമുക്ക് പരിചയപ്പെടാം.




**മുൻമൊഴി** ........ 4
സുഗതകുമാരി
**ആനക്കാര്യം** ........ 5
എൻ ടി രാജീവ്
**കടുകുമണിപ്പൂക്കൾ** ........ 9
ഇ ജിനൻ
**മീൻപിടുത്തം** ........ 16
എം കൃഷ്ണദാസ്
**അപ്പൂപ്പൻമാവ്** ........ 17
ഹരീഷ് ആർ നമ്പൂതിരിപ്പാട്
**എന്തുകൊണ്ടാണിങ്ങനെ** ........ 25
മീനാകുമാരി ആർ
**വാരിക്കുഴി** ........ 26
കെ പി യൂസഫ്
**കടപയാദി** ........ 27
പള്ളിയറ ശ്രീധരൻ
**ഇത് എന്റെ ടാലി** ........ 29
പുനരാഖ്യാനം : ജി മോഹനകുമാരി
**ചങ്ങാതിപ്പാട്ട്** ........ 31
ഡോ. ഗീതാകാവാലം
**ഗുരുദേവൻ** ........ 32
അജിതാ രാകേഷ്
**പരീക്ഷയിൽ ജയിക്കാം** ........ 34
ഡോ. ബി പത്മകുമാർ
**ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച** ........ 36
വെങ്കി
**പറക്കും വീരൻ** ........ 40
പി കെ സുധി
**ഫ്രാൻസിസ്കൊ പെട്രാർക്ക്** ........ 42
പി കെ ലക്ഷ്മണൻ
**നാർസിസസും എക്കോയും** ........ 44
എം ഗീതാഞ്ജലി
**ദൈവം** ........ 47
ഹരിദാസ് സാരംഗി
**രണ്ടു പണ്ഡിതർ** ........ 48
ഗിഫു മേലാറ്റൂർ
**മഹാഭാരതം** ........ 50
**ഇളംതളിര്** ........ 52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ........ 54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ഗോപു പട്ടിത്തറ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# വെള്ളം വെള്ളം

കേരളത്തിൽ നാൽപ്പത്തി നാലു നദികളുണ്ട്. ഈശ്വരാനുഗ്രഹം പോലെ പെയ്തിറങ്ങുന്ന രണ്ടു മഴക്കാലങ്ങളുണ്ട്. ആയിരക്കണക്കിനു കുളങ്ങളും കിണറുകളും തോടുകളുമുണ്ട്. മഹാജലസംഭരണികളായ വൻ പാടശേഖരങ്ങളുണ്ട്.

എന്നിട്ടുമിതാ ജലക്ഷാമം...! എന്തുകൊണ്ട്? മഴ പെയ്യാഞ്ഞിട്ടെന്ന് എളുപ്പത്തിൽ പറയാം. പക്ഷേ മഴ പെയ്തില്ലെങ്കിലും നമുക്കു വെള്ളമുണ്ടായിരുന്നല്ലോ. സുജലയും സുഫലയും സസ്യശ്യാമളയുമെന്നു കേളി കേട്ടവളല്ലോ കേരളം. ആ കേരളത്തെ ഇങ്ങനെയാക്കിത്തീർക്കുന്നത് ആര്?

എങ്ങനെയാക്കിത്തീർത്തു എന്നു നിങ്ങൾ കുട്ടികൾ അറിയണം. പുതിയ വികസന പദ്ധതികളും പതിനായിരക്കണക്കിനുള്ള കെട്ടിടംവയ്പും എല്ലായിടവും കോൺക്രീറ്റിട്ടു മിനുക്കലുമാണ് കേരളത്തിന്റെ നിരാർദ്രതയ്ക്കു കാരണം. എല്ലാ പുഴകളും മണൽ വാരി വാരി ക്ഷീണിച്ചുകഴിഞ്ഞു. എല്ലാ പുഴകളും മലിനമായിക്കഴിഞ്ഞു. മിക്കവാറും എല്ലാ നെൽവയലുകളും നികത്തപ്പെട്ടുകഴിഞ്ഞു. നീർക്കുന്നുകൾ ഇടിച്ചുകൊണ്ടേയിരിക്കുന്നു. തണ്ണീർത്തടങ്ങൾ കയ്യേറപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളം വരളുകയാണ്.

നാസ പറയുന്നു, കേരളത്തിന്റെ ഭൂഗർഭജലവിതരണം അത്യപകടകരമായ നിലയിൽ താഴുകയാണ് എന്ന്. പതിനായിരക്കണക്കിനു വർഷമായി ഭൂമി തന്റെയുള്ളിലേക്കു വാർന്നിറങ്ങുന്ന ജലത്തെ ശേഖരിച്ചു വയ്ക്കുന്നതാണ് ഭൂഗർഭജലം. അതു മുഴുവൻ ആയിരമായിരം ബോർവെല്ലുകളിലൂടെ നമ്മൾ



**പതിനായിരക്കണക്കിനു വർഷമായി ഭൂമി തന്റെയുള്ളിലേക്കു വാർന്നിറങ്ങുന്ന ജലത്തെ ശേഖരിച്ചു വയ്ക്കുന്നതാണ് ഭൂഗർഭജലം. അതു മുഴുവൻ ആയിരമായിരം ബോർവെല്ലുകളിലൂടെ നമ്മൾ വലിച്ചെടുത്ത് ഉപയോഗിക്കുന്നു. പണ്ടത്തെപ്പോലെ മഴവെള്ളം കിനിഞ്ഞിറങ്ങി ഭൂഗർഭജലമായി മാറാൻ സാധിക്കുന്നുമില്ല.**




വര: സുധീർ പി വൈ

വലിച്ചെടുത്ത് ഉപയോഗിക്കുന്നു. പണ്ടത്തെപ്പോലെ മഴവെള്ളം കിനിഞ്ഞിറങ്ങി ഭൂഗർഭ ജലമായി മാറാൻ സാധിക്കുന്നുമില്ല. ചൂഷണം നിരന്തരം നടക്കുന്നു. പോഷണം തീരെയില്ല. അതിനാൽ മണ്ണിന്റെ അടിവെള്ളം വറ്റുകയും ഭൂമിക്കടിയിലുള്ള ഉറവകൾ ചത്തുപോവുകയും ചെയ്യുന്നു. ഉറവകളിലെ ജലസമ്മർദം ക്ഷയിക്കുമ്പോൾ കടൽവെള്ളം മണ്ണിനടിയിലൂടെ വിരൽ നീട്ടിത്തുടങ്ങുന്നു. ബോർവെല്ലുകളിൽ പലയിടത്തും ഉപ്പുവെള്ളം പ്രത്യക്ഷപ്പെട്ടു തുടങ്ങിക്കഴിഞ്ഞു. മാത്രമല്ല ഭൂഗർഭജലം അമിതമായി താണുപോയാൽ അടിത്തട്ടിലുള്ള കെമിക്കലുകളിലെ വിഷാംശങ്ങൾ വെള്ളത്തിൽ കലരുമെന്നും ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.

കേരളത്തിന്റെ പുഴകളും വയലുകളും കായൽത്തടങ്ങളും കുന്നുകളും നിങ്ങൾക്കു വേണ്ടി സംരക്ഷിക്കണമെന്ന്, അതിലൂടെ മണ്ണിനടിയിലെ ജീവജലത്തെ പരിപോഷിപ്പിക്കേണ്ടതാണെന്ന് നമുക്കോരോരുത്തർക്കും ഉറക്കെപ്പറയാം. എഴുതാം. മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കാം. നാടുഭരിക്കുന്നവർ കുട്ടികളുടെ വാക്കുകൾ ശ്രദ്ധിക്കുന്ന കാലം വരിക തന്നെ ചെയ്യും.

സ്നേഹത്തോടെ,
**സുഗതകുമാരി**



# പെരുങ്കള്ളി

ഗ്രേസി

കാര്യങ്ങൾ തുടങ്ങുന്നത് ഇങ്ങനെയാണ്. അപ്പൂപ്പനും അമ്മൂമ്മയും ഞങ്ങളുടെ കൂടെ തിരുവനന്തപുരത്തായിരുന്നു ഒരാഴ്ച. അവിടെ വിഷു അത്ര വലിയ ആഘോഷമൊന്നുമല്ല. അതുകൊണ്ട് വിഷു ആഘോഷിക്കാൻ ഞങ്ങളെല്ലാവരും കൂടി വീട്ടിലേക്ക് പുറപ്പെട്ടെത്തിയതാണ്. അപ്പൂപ്പൻ ബാഗിൽ നിന്ന് വീടിന്റെ താക്കോലെടുത്തു വാതിൽ തുറക്കാൻ തുടങ്ങിയതും. അയ്യോ എന്നൊരൊറ്റ നിലവിളി! മാവ്, പ്ലാവ്, മുരിങ്ങ, ചാമ്പ എന്നീ മരങ്ങളോട് ഒരാഴ്ചത്തെ വിശേഷങ്ങൾ ചോദിച്ചുനിന്ന അമ്മൂമ്മ ഞെട്ടിത്തരിച്ചു. വീട്ടിൽ കള്ളൻ കേറി! എന്നുപറഞ്ഞ് തളർന്ന് അപ്പൂപ്പൻ വാതിൽക്കൽ കുത്തിയിരുന്നുപോയി. അമ്മൂമ്മ പാഞ്ഞ് വീട്ടിലേക്ക് കയറി. പിന്നാലെ ഞങ്ങളും. വീടിന്റെ അകം പൂരപ്പറമ്പുപോലെ കിടക്കുന്നു. എല്ലാം വലിച്ചുവാരി നിലത്തിട്ട്, ആകെ ചിക്കിപ്പെറുക്കിയിട്ടുണ്ട്. സെറ്റിയുടെ കുഷനുകളൊക്കെ ഇളക്കിമാറ്റി, ഫ്രിഡ്ജിലിരിക്കുന്ന പലതരം പൊടികളൊക്കെ നിലത്തു കുടഞ്ഞ് വെരകി, അലമാരയിലിരുന്ന തുണികളൊക്കെ പുറത്തിട്ട്, അടുക്കളത്തട്ടിൽ കമിഴ്ത്തി വച്ച പാത്രങ്ങളൊക്കെ മലർത്തിവച്ച്, ആകെ അലമ്പാക്കിയിട്ടുണ്ട്.

അതിലൊന്നും ശ്രദ്ധിക്കാതെ അമ്മൂമ്മ ഓടിച്ചെന്ന് ഒരു പഞ്ഞിത്തലയണ തിരിച്ചും മറിച്ചും നോക്കി നെഞ്ചിൽ ചേർത്തുപിടിച്ച് ഒരൊറ്റ നിൽപ്പ് ഗുളു!ഗുളു!ഗുഗ്ഗുളു! എന്നൊരു ചിരിയും. അമ്മൂമ്മയ്ക്കെന്താ ഭ്രാന്തുപിടിച്ചോ എന്ന മട്ടിൽ അപ്പൂപ്പൻ നെറ്റിചുളിച്ചു. അപ്പോൾ അമ്മൂമ്മ തലയണയെ ഒരു കുഞ്ഞിനെയെന്നവണ്ണം താലോലിച്ച് ഒരു ഉമ്മയും കൊടുത്ത് കിടക്കയിൽത്തന്നെ കിടത്തി. അതോടെ, അമ്മൂമ്മ ഈ കാലവുമായുള്ള ബന്ധമൊക്കെ അറുത്ത് മുറിച്ച് പഴയ കാലത്തേക്ക് കടന്നുകളഞ്ഞു എന്ന് അപ്പൂപ്പൻ തീർച്ചപ്പെടുത്തി. നീ അമ്മയെ ഒന്നു വിളിച്ച് നോക്കെടി മോളേ! എന്ന് അമ്മയോടു പറയുകയും ചെയ്തു. അമ്മ അമ്മൂമ്മയുടെ തോളിൽ കൈവച്ച് 'അമ്മേ ! ഇത് ഞാനാ! മാലിനി!' എന്നു പറഞ്ഞതും അമ്മൂമ്മ ചിരിയോടു ചിരി.

ഇനി എന്തു ചെയ്യും? എന്ന മട്ടിൽ അമ്മ അച്ഛനെ നോക്കി. അച്ഛൻ ഇതിലൊന്നും താത്പര്യമില്ലാത്തതുപോലെ പതുക്കെ മുറ്റത്തേക്കിറങ്ങി. അമ്മയെ പുറത്തേക്കു വിളിച്ച്, 'ഇതെല്ലാം അടുക്കിപ്പെറുക്കി ഭക്ഷണമുണ്ടാക്കുമ്പോഴേക്കും നേരം കൊറെയാവും. ഞാൻ ടൗണിൽ പോയി എല്ലാവർക്കുമുള്ള ബിരി



വര: രാജീവ് എൻ ടി

യാണി വാങ്ങിച്ച് വരാം' എന്നു പറഞ്ഞ് പുറപ്പെട്ടു.

അപ്പൂപ്പന്റെ കൂടെ ഓരോന്ന് അടുക്കിപ്പെറുക്കുമ്പോൾ അമ്മ ചോദിച്ചു.

''അച്ഛാ, നിങ്ങള് കാശ് വല്ലോം വീട്ടില് വച്ചാരുന്നോ?''

അപ്പൂപ്പൻ കള്ളനെ പറ്റിച്ചതുമാതിരി ഒന്നിളകിച്ചിരിച്ചു.

''ഏയ്! രണ്ടാൾടേം പെൻഷനൊക്കെ ബാങ്കില് കെടക്കവല്ലേ? വേണ്ടപ്പോ കൊറേശ്ശേ എടുത്തോണ്ട് വരും. പിന്നെ, നിങ്ങടവടേക്ക് വരുമ്പഴാണെങ്കി ഉള്ളതൊക്കെ നുള്ളിപ്പെറുക്കി കൈയില് വയ്ക്കും. അലമാരയാണെങ്കി പൂട്ടാറുമില്ല! ചേർത്തടയ്ക്കാറേയുള്ളൂ. കള്ളൻ കേറ്യാല് കുത്തിപ്പൊളിക്കണ്ടല്ലോന്ന് കരുതീട്ട്.''

അപ്പൂപ്പൻ അടുക്കിപ്പെറുക്കുന്നത് തുടരുമ്പോഴും അമ്മൂമ്മയെ ഓട്ടക്കണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു. അമ്മൂമ്മ ഒഴിഞ്ഞ അലമാരയുടെ മുന്നിൽ ചിതറിക്കിടക്കുന്ന തുണികളിലേക്ക് നോക്കി എന്തോ ആലോചിച്ച് നിൽക്കുകയാണ്. പൊടുന്നനെ അമ്മൂമ്മ കെറുവിച്ചു.

''ഇത്തവണത്തെ വിഷുക്കോടി കള്ളനും ഭാര്യേം ഉടുക്കട്ടെ.''

അപ്പൂപ്പൻ അമ്പരന്നു

''ങേ! അതെന്തുപറ്റി?''

''ഞാൻ രണ്ട് അടിപ്പാവാട വാങ്ങിച്ച് വച്ചാരുന്നു. ഒരു കസവു നേര്യതും. നിങ്ങക്കൊരു കസവു മുണ്ടും ഷർട്ടും. അതൊന്നും ഇപ്പോ കാണുന്നില്ല.''

''അത്രയല്ലേ പോയുള്ളൂ? സമാധാനിക്ക്.'' അപ്പൂപ്പൻ ആശ്വസിപ്പിച്ചു.

''സമാധാനിച്ചു! സമാധാനിച്ചു!'' എന്ന് അമ്മൂമ്മ പിന്നേം ചിരി തുടങ്ങി.

അതോടെ അപ്പൂപ്പന്റെ നെറ്റി പിന്നേം ചുളിഞ്ഞു.

''ഭാനുമതിയേ! നിനക്കിതെന്തോ പറ്റി?''

അമ്മൂമ്മയുടെ ചിരി കുറേക്കൂടി ഉച്ചത്തിലായി.

''പറ്റി! പറ്റി! അക്കിടി പറ്റി!''

അടുക്കിപ്പെറുക്കലൊക്കെ നിർത്തിവച്ച് അപ്പൂപ്പൻ എഴുന്നേറ്റ് അമ്മൂമ്മയുടെ അടുത്തു ചെന്ന് തോളിൽ കൈ വച്ചു.

''ഭാനുമതിയേ! നമ്മളിവിടെയ്ക്ക് അവൾ അമ്മൂമ്മയെ ഫോണിൽ വിളിച്ച് 'അത് സൂക്ഷിച്ചു വയ്ക്കണേ, ഒരു റെയർ ഷേഡായതുകൊണ്ടാ. അതവിടെ മറന്നിട്ട് പോന്നത് എനിക്ക് വല്യ സങ്കടായീട്ടോ!' എന്നൊക്കെ പറയുന്നുണ്ടായിരുന്നു. 'ഞാനത് അലക്കിത്തേച്ച് ഭദ്രമായിട്ട് വച്ചേക്കാം.

**അമ്മൂമ്മയ്ക്കെന്താ ഭ്രാന്തുപിടിച്ചോ എന്ന മട്ടിൽ അപ്പൂപ്പൻ നെറ്റിചുളിച്ചു. അപ്പോൾ അമ്മൂമ്മ തലയണയെ ഒരു കുഞ്ഞിനെയെന്നവണ്ണം താലോലിച്ച് ഒരു ഉമ്മയും കൊടുത്ത് കിടക്കയിൽത്തന്നെ കിടത്തി. അതോടെ, അമ്മൂമ്മ ഈ കാലവുമായുള്ള ബന്ധമൊക്കെ അറുത്ത് മുറിച്ച് പഴയ കാലത്തേക്ക് കടന്നുകളഞ്ഞു എന്ന് അപ്പൂപ്പൻ തീർച്ചപ്പെടുത്തി.**

കാശൊന്നും വച്ചിരുന്നില്ലല്ലോ. സ്വർണമുള്ളത് നിന്റെ കഴുത്തേലും കൈയേലുമൊക്കെ ഒണ്ട് താനും. പിന്നെ എന്തിനാ നിനക്കിത്ര വെഷമം?''

അമ്മൂമ്മയുടെ ചിരി നിയന്ത്രണം വിട്ടു.

''ഉം ഉം വെഷമം തന്നെ, വെഷമം!''

അപ്പൂപ്പൻ ശരിക്കും വിഷമത്തിലായി. അമ്മയ്ക്കും ഒരു വല്ലായ്മയൊക്കെ തോന്നിത്തുടങ്ങി. അച്ഛനാണെങ്കിലൊട്ട് വരുന്നുമില്ല. അമ്മൂമ്മയെ ഇത്രേം വിഷമിപ്പിച്ച ആ കള്ളനാരായിരിക്കും എന്നായി എന്റെ ആലോചന. ഞാൻ മുറ്റത്തേക്കിറങ്ങി. ഒരു സി ബി ഐ ഡയറിക്കുറിപ്പ് എന്ന സിനിമേല് മമ്മൂട്ടി കേസന്വേഷിക്കാൻ വരുന്ന രംഗം ഞാൻ ഓർത്തു. പിന്നിൽ കൈകെട്ടി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ഗമേല് ഒരു നടപ്പുണ്ട്. ഒപ്പം ഒരു പ്രത്യേക ബാക്ഗ്രൗണ്ട് മ്യൂസിക്കും ഉണ്ട്. മ്യൂസിക്ക് ഇല്ലെങ്കിലും ഞാനാ നടപ്പൊന്ന് പരീക്ഷിച്ചുനോക്കി. അപ്പോഴുണ്ട് ദാ, അനിയത്തി കഴിഞ്ഞ ക്രിസ്മസിനു വന്നപ്പോ മറന്നിട്ടു പോയ ജീൻസ് കാർപോർച്ചിൽ ചുരുട്ടിവച്ചിരിക്കുന്നു. ആയിവേനലവധിക്ക് നീ ഇങ്ങോട്ടു തന്നെയല്ലേ വരണത്?' എന്ന് അമ്മൂമ്മേം പറഞ്ഞു.

ഞാൻ ആ ജീൻസെടുത്ത് നോക്കി. ശരിയാണ്. വളരെ റെയറായ ഒരു ഷേഡ് തന്നെ. പെട്ടെന്ന് എന്റെ ഉള്ളിലെന്തോ മിന്നി. കൊണ്ടുപോകാനായിരിക്കുമല്ലോ കള്ളൻ പുറത്തേക്ക് എടുത്തത്. പിന്നെ എന്തിന് ഉപേക്ഷിച്ചു? ഞാൻ വീണ്ടും മമ്മൂട്ടി സ്റ്റൈലിൽ നടക്കാൻ തുടങ്ങി. ഈ കള്ളൻ അടുത്തെങ്ങോ ഉള്ള ഒരു കള്ളൻ തന്നെയാണ്. ഇത്രേം റെയർ ഷേഡിലുള്ള ജീൻസിട്ട് പുറത്തേക്കിറങ്ങാൻ പറ്റില്ല. അപ്പൂപ്പനോ അമ്മൂമ്മയോ കണ്ടാൽ പണി തീർന്നില്ലേ? ആ ബുദ്ധി ഉദിച്ചപ്പോഴാണ് കള്ളൻ ജീൻസ് ഉപേക്ഷിച്ചു കടന്നുകളഞ്ഞത്. അടിപ്പാവാടയും നേര്യതും ഷർട്ടും മുണ്ടുമൊക്കെ ആർക്കും തിരിച്ചറിയാൻ പറ്റൂല്ല. അമ്പട കരിങ്കള്ളാ! ഞാൻ മുറ്റത്തു നിന്ന് അകത്തേക്ക് കുതിച്ചു. കൈ പിന്നിൽ കെട്ടിനിന്ന് ശരിക്കും സി ബി ഐ മട്ടിൽ കണ്ടുപിടുത്തങ്ങളൊക്കെ അപ്പൂപ്പന്റെ മുന്നിലവതരിപ്പിച്ചു. അപ്പൂപ്പൻ ചെറിയൊരു ചിരിയോടെ ഞാൻ പറഞ്ഞതൊക്കെ കേട്ടു. ചിരിയു

പേക്ഷിച്ച് അമ്മൂമ്മ ഗൗരവത്തിലായി. അമ്മയാണെങ്കിൽ ചുണ്ടുകൾ കൂട്ടിപ്പിടിച്ച് ചിരി തടഞ്ഞു നിർത്തിയിരിക്കുകയാണ്. ജീൻസിന്റെ പോക്കറ്റിൽ കൈകൾ നിക്ഷേപിച്ച് മുഖം ചരിച്ച് പിടിച്ച് അനിയത്തി നോട്ടം കൂർപ്പിച്ചതോടെ എനിക്കു ചമ്മൽ മാത്രമല്ല കുറേശ്ശെ ദേഷ്യോം വന്നു. സംഗതി ചീറ്റിപ്പോയെന്ന് എനിക്കുറപ്പായി. അന്നേരമാണ് ബിരിയാണിപ്പൊതിയുമായി അച്ഛന്റെ വരവ്. മണം കിട്ടിയതോടെ സാധനം കിടുവായിരിക്കുമെന്ന് എനിക്കുറപ്പായി. ഞാൻ ചെന്ന് പൊതികളൊക്കെ വാങ്ങി ടേബിളിൽ വച്ചു. ആ നേരം കൊണ്ട് അമ്മ എന്റെ കണ്ടുപിടിത്തങ്ങളൊക്കെ അച്ഛന്റെ മുന്നിൽ വിളമ്പി. അച്ഛന്റെ മുഖത്തും ചെറിയൊരു ചിരിയൊക്കെ വന്നു കയറുന്നുണ്ട്. എന്നാലും അതിൽ എന്നെ കളിയാക്കുന്നതൊന്നുമില്ലെന്ന് ഒരാശ്വാസമുണ്ട്. അച്ഛൻ എപ്പോഴും അങ്ങനെയാണ്. എന്നെ വിഷമിപ്പിക്കണ്ടാന്ന് കരുതും. അതോടെ എന്റെ ദേഷ്യമങ്ങ് തണുക്കുകേം ചെയ്യും.

**അമ്മ എന്റെ കണ്ടുപിടിത്തങ്ങളൊക്കെ അച്ഛന്റെ മുന്നിൽ വിളമ്പി. അച്ഛന്റെ മുഖത്തും ചെറിയൊരു ചിരിയൊക്കെ വന്നു കയറുന്നുണ്ട്. എന്നാലും അതിൽ എന്നെ കളിയാക്കുന്നതൊന്നുമില്ലെന്ന് ഒരാശ്വാസമുണ്ട്. അച്ഛൻ എപ്പോഴും അങ്ങനെയാണ്. എന്നെ വിഷമിപ്പിക്കണ്ടാന്ന് കരുതും .**

അപ്പോഴാണ് അമ്മൂമ്മ ഒരു ഗുണ്ട് പൊട്ടിച്ചത്. പഞ്ഞിത്തലയണയുടെ ഒരറ്റത്ത് തയ്യൽ അഴിച്ചെടുത്ത് അതിനുള്ളിലേക്ക് കൈയിട്ട് എന്തോ പരതി. ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് എന്ന് എണ്ണി പതുക്കെ കൈ ചുരുട്ടിപ്പിടിച്ച് പുറത്തേക്കെടുത്തു. അമ്മയുടെ കൈവെള്ള മലർത്തി അതിലേക്ക് അഞ്ച് സ്വർണ നാണയങ്ങൾ വച്ചുകൊടുത്തു.

“ഇത് നമ്മുടെ മുത്തിന്റെ കല്യാണത്തിന് ഞാൻ കരുതി വച്ചതാ. കല്യാണത്തിന്റെ സമയം വരെയൊന്നും ഞാൻ ജീവിച്ചിരുന്നൂന്ന് വരൂല്ല. എന്നാലും അമ്മൂമ്മേടെ വകയായിട്ട് അവൾക്കെന്തെങ്കിലും വേണ്ടേ? ഇനിയിത് എന്റെ കൈയിലിരുന്നാൽ ശരിയാവൂല്ല. നീ തന്നെ സൂക്ഷിച്ചോ!”

എല്ലാവരും അമ്പരന്നങ്ങനെ നിൽക്കുകയാണ്. തലയണയുടെ തുറന്ന ഭാഗത്തുനിന്ന് ഓരോരോ പഞ്ഞിത്തുണ്ടുകളങ്ങനെ ഫാനിന്റെ കാറ്റിൽ പറക്കാൻ തുടങ്ങിയപ്പോൾ ആദ്യം പൊട്ടിച്ചിരിച്ചത് അപ്പൂപ്പൻ തന്നെ!

“ഹമ്പടീ പെരുങ്കള്ളീ!”



## സംസ്കാര പഠനം - പുതുവഴികൾ - ദ്വിദ്വിന ശിൽപ്പശാല



സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും കോട്ടയം ബസേലിയസ് കോളേജ് മലയാള വിഭാഗവും സംഘടിപ്പിച്ച സംസ്കാര പഠനം - പുതുവഴികൾ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദ്വിദിന ശിൽപ്പശാല തിരക്കഥാകൃത്ത് കലവൂർ രവികുമാർ ഉദ്ഘാടനം ചെയ്യുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരൻ, എം ആർ രേണുകുമാർ, എ വി ഹരിശങ്കർ, ബിപിൻചന്ദ്രൻ, ഡോ.ഷൈല എബ്രഹാം, ഡോ. സെൽവി സേവ്യർ എന്നിവർ സമീപം.

# കടുകുമണിപ്പൂക്കൾ

ഇ ജിനൻ

കനകമല-
ത്താഴ്വരയിൽ
കടുകുമണിപ്പൂക്കൾ.

ഇളവെയിലിൽ
തിളതിളാന്ന്
കവിത പൂത്തപോലെ.

നനുനനാന്ന്
പൊന്നലകൾ
കരവച്ചത് പോലെ.

കുനുകുനാന്ന്
കൊന്നമലർ
കണിവച്ചതുപോലെ.

നിറമഞ്ഞ-
കമ്മലുകൾ
നിരവച്ചതുപോലെ.

കരിമണ്ണിൽ
പൂക്കാലം
വിരിവച്ചതുപോലെ.

മഴനിലച്ച്
ചിങ്ങവെയിൽ
പൊലിയിടുമ്പോഴാണീ,

കടുകുമണി-
പ്പൂക്കളുടെ
കനകസ്വപ്ന കാലം.

മലയിറങ്ങി
പുഴകടന്ന്
മഞ്ഞുവരും കാലം,

കടുകുമണി-
പ്പൂക്കളൊക്കെ
കൊഴികൊഴിഞ്ഞു പോകും.

അതിനുമുൻപീ
കാഴ്ചയൊന്ന്
കടമെടുത്തു പോരാം.

അതുകഴിഞ്ഞാൽ
കനകമല
കവിത മായ്ച്ചു നിൽക്കും.



വര: രാജീവ് എൻ ടി




# "എല്ലാവർക്കും ജലം"

# "എല്ലാവരെയും പരിഗണിച്ചുകൊണ്ട്"

എസ് ശാന്തി



**നമ്മൾ ആരാണെങ്കിലും നാം എവിടെയാണെങ്കിലും ജലം നമ്മുടെ മൗലികാവകാശമാണ്. പൊതുജനാരോഗ്യം സംരക്ഷിക്കാൻ ഏറ്റവും ആവശ്യമായ മനുഷ്യാവകാശമാണിത്. സുസ്ഥിര വികസനത്തിനും സമ്പന്നമായ ലോകസൃഷ്ടിക്കും ഒഴിച്ചു കൂടാൻ വയ്യാത്ത ഒന്നാണ് ശുദ്ധജല ലഭ്യത.**



ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1993 ലാണ് മാർച്ച് 22 ലോകജലദിന (World Water Day) മായി ആചരിക്കാൻ തീരുമാനിക്കുന്നത്. ലോകത്തെ എല്ലാ ഭരണകൂടങ്ങളും ഐക്യരാഷ്ട്രസഭയുടെ ജലവകുപ്പും(UN- WATER) നിരവധി മറ്റു സംഘടനകളും ചേർന്നാണ് എല്ലാവർഷവും ലോകജലദിനം ആചരിക്കുന്നത്.

ലോകജലദിനത്തിന് എല്ലാ വർഷവും ഒരു പ്രത്യേക പ്രമേയം അഥവാ ചിന്താവിഷയം ഉണ്ടാവും. ഈ വർഷത്തെ പ്രമേയം ''ആരെയും വഴിയിൽ ഉപേക്ഷിക്കില്ല'' (Leaving No One Behind) എന്നതാണ്. ''എല്ലാവർക്കും ജലം''(Water for All) ''എല്ലാവരെയും പരിഗണിച്ചുകൊണ്ട്'' എന്നും പറയാം. 2030 ആവുമ്പോഴേക്ക് ലോകത്തെ എല്ലാ മനുഷ്യർക്കും ശുദ്ധവും സുരക്ഷിതവുമായ ജലം ലഭ്യമാവണം എന്നതാണ് ഐക്യരാഷ്ട്ര

സഭയുടെ സുസ്ഥിരവികസനത്തെക്കുറിച്ചുള്ള പ്രധാന ലക്ഷ്യം. കോടാനുകോടി ജനങ്ങൾ കുടിവെള്ളം ലഭിക്കാതെയും വികസനപദ്ധതികൾ കാരണം വഴിയാധാരമാക്കപ്പെട്ടും കൊടും ദാരിദ്ര്യവും പട്ടിണിയും നേരിടുകയാണ്.



ജലമലിനീകരണം

## ജലസുരക്ഷിതത്വം എന്നാലെന്താണ്?

നമ്മുടെ വീടിന്റെ പരിസരത്ത്, നമുക്ക് വേണ്ടപ്പോൾ, വേണ്ട അളവിൽ, മാലിന്യം കലരാതെ ശുദ്ധജലം സുസ്ഥിരമായി ലഭിക്കുക എന്നതാണ് ജലസുരക്ഷിതത്വം.

## ജലം - മനുഷ്യാവകാശം

നമ്മൾ ആരാണെങ്കിലും നാം എവിടെയാണെങ്കിലും ജലം നമ്മുടെ മൗലികാവകാശമാണ്. പൊതുജനാരോഗ്യം സംരക്ഷിക്കാൻ ഏറ്റവും ആവശ്യമായ മനുഷ്യാവകാശമാണിത്. സുസ്ഥിര വികസനത്തിനും സമ്പന്നമായ ലോകസൃഷ്ടിക്കും ഒഴിച്ചു കൂടാൻ വയ്യാത്ത ഒന്നാണ് ശുദ്ധജല ലഭ്യത. കോടിക്കണക്കിന് ജനങ്ങൾ സുരക്ഷിതമായ കുടിവെള്ളമില്ലാതെ വലയുന്ന ലോകത്ത് ആഗോളസമൂഹമെന്ന നിലയിൽ നമുക്ക് മുന്നോട്ട് പോകാനാവില്ല.

## എന്താണ് ജലാവകാശം?

ആരോഗ്യവും സന്തോഷവും സമാധാനവുമുള്ള ജീവിതം നയിക്കുവാൻ ശുദ്ധവും സുരക്ഷിതവുമായ ജലലഭ്യതയും ജനാരോഗ്യസംരക്ഷണത്തിനാവശ്യമായ ശുചിത്വവും എല്ലാവരുടെയും അടിസ്ഥാന അവ





ഭൂമി ഒരു ജലഗ്രഹമാണ്. ഭൂവിസ്തൃതിയുടെ 70 ശതമാനവും സമുദ്രങ്ങളാണ്. ഭൂമിയിലെ ജലത്തിന്റെ 97 ശതമാനം കടലുകളിലാണ്. ഭൂമിയെ നീല സമുദ്രഗോളം എന്ന് വിശേഷിപ്പിക്കുന്നത് ഇതുകൊണ്ടാണ്. നീലയെ ഹരിതമാക്കുക (Greening the Blue) എന്ന മുദ്രാവാക്യത്തിനർഥം നമ്മുടെ നീല സുന്ദര ഗ്രഹത്തിന്റെ ഹരിതവൽക്കരണമാണ് ജീവന്റെ നിലനിൽപ്പിന് അത്യാവശ്യം എന്നാണ്.

ജലമെന്ന പദാർത്ഥത്തിന്റെ 2.78 ശതമാനമാണ് സമുദ്രജലമല്ലാതെ ഭൂമുഖത്തുള്ളത് ഇതിന്റെ തന്നെ 77.14 ശതമാനം ധ്രുവങ്ങളിലും ഉയർന്ന പർവതങ്ങളിലും ഉള്ള മഞ്ഞുപാളികളിലാണ്. മൊത്തം ശുദ്ധജലത്തിന്റെ 22 ശതമാനം ആഴങ്ങളിലെ ഭൂഗർഭജലമാണ്. ശുദ്ധജലത്തിന്റെ 0.64 ശതമാനമാണ് ജീവന് നേരിട്ടുപയോഗിക്കാവുന്ന ജലം. ജീവന്റെ നിലനിൽപ്പിന് ഈ ജലം ധാരാളം മതി. അമൂല്യമായ ഈ ശുദ്ധജലത്തെ പരിരക്ഷിച്ച് ആദരിച്ച് ഉപയോഗിക്കാനുള്ള വിവേകം മാത്രം മതി മനുഷ്യന്. ജീവന്റെയും മനുഷ്യന്റെയും നിലനിൽപ്പ് ഈ വിവേകത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.



കാശമാവണമെന്ന് 2010 ലാണ് ഐക്യരാഷ്ട്രസഭ പ്രസ്താവിച്ചത്. കുടിക്കാനും വ്യക്തിപരമായ ശുചിത്വത്തിനും അലക്കാനും പാചകത്തിനും ശുദ്ധജലം യാതൊരു വിവേചനവുമില്ലാതെ ലഭിക്കുക എന്നതാണ് ജലാവകാശം.

**ആരോഗ്യവും സന്തോഷവും സമാധാനവുമുള്ള ജീവിതം നയിക്കുവാൻ ശുദ്ധവും സുരക്ഷിതവുമായ ജലലഭ്യതയും ജനാരോഗ്യസംരക്ഷണത്തിനാവശ്യമായ ശുചിത്വവും എല്ലാവരുടെയും അടിസ്ഥാന അവകാശമാവണമെന്ന് 2010 ലാണ് ഐക്യരാഷ്ട്രസഭ പ്രസ്താവിച്ചത്. കുടിക്കാനും വ്യക്തിപരമായ ശുചിത്വത്തിനും അലക്കാനും പാചകത്തിനും ശുദ്ധജലം യാതൊരു വിവേചനവുമില്ലാതെ ലഭിക്കുക എന്നതാണ് ജലാവകാശം.**




ജലമലിനീകരണവും കുട്ടികളും

## എന്തുകൊണ്ട് എല്ലാവർക്കും ശുദ്ധജലം ലഭിക്കുന്നില്ല?

വർഗം, വംശം, ജാതി, മതം, ഭാഷ, ദേശീയത എന്നിങ്ങനെ പലകാരണങ്ങളാലുള്ള വിവേചനങ്ങൾ ചില മനുഷ്യസമൂഹങ്ങളെ ഒറ്റപ്പെടുത്തുകയും മുഖ്യധാരയിലേക്ക് എത്തുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നു. ജലസ്രോതസ്സുകൾക്കടുത്ത് വരാൻ പോലും ചില സമൂഹങ്ങളെ നാം സമ്മതിക്കുന്നില്ല.





## ജലവും ജീവനും

ഭൂമുഖത്തെ ഏറ്റവും സുലഭവും സർവസാധാരണവുമായ രാസസംയുക്തമാണ് ജലം. അനിതര സാധാരണമായ രാസസ്വഭാവമുള്ള ജലമെന്ന വസ്തുവാണ് ജീവന്റെ ആധാരം. ജലം മനുഷ്യലോകത്ത് എല്ലായിടത്തും അസുലഭവും മലിനവുമായിക്കൊണ്ടിരിക്കുന്നു എന്നത് നമ്മെ വല്ലാതെ ആശങ്കപ്പെടുത്തുന്നു. ലക്ഷക്കണക്കിന് മനുഷ്യർ വരൾച്ചയിലും ജലക്ഷാമത്തിലുംപെട്ട് ഉഴലുമ്പോൾ പതിനായിരക്കണക്കിനാളുകളുടെ ജീവിതം പേമാരിയും പ്രളയങ്ങളും കാരണം ദു:സ്സഹമാവുകയാണ്. ലോകജലദിനമാചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിക്കുന്നത് ഈ ആശങ്ക കാരണമാണ്.



ശരീര ശുചിത്വത്തിനും കുട്ടികളെ പരിചരിക്കുന്നതിനും പാചകത്തിനുമെല്ലാം ജലം ഏറ്റവും കൂടുതൽ വേണ്ടുന്ന സ്ത്രീകളാണ് എല്ലായിടത്തും രൂക്ഷമായ ജലദൗർലഭ്യം അനുഭവിക്കുന്നത്.

## പരിസ്ഥിതി നശീകരണം

നദികളുടെ ജലസംഭരണ പ്രദേശത്തെ വനനശീകരണം, തെറ്റായ ഭൂവിനിയോഗം, മലിനീകരണം, ആഗോള കാലാവസ്ഥാ മാറ്റം എന്നിവയൊക്കെ രൂക്ഷമായ പരിസ്ഥിതിനാശത്തിനും വരൾച്ചയ്ക്കും വിനാശകരമായ പ്രളയങ്ങൾക്കും മരുവൽക്കരണത്തിനും കാരണമാവുന്നു.

## എന്താണ് പരിഹാരം?

ദരിദ്രരാക്കപ്പെടുന്ന ജനങ്ങളുടെ നിലനിൽപ്പും പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കുന്ന വികസനമാണ് നാം വിഭാവനം ചെയ്യേണ്ടത്. ശുദ്ധ ജലത്തിനായി കേഴുന്ന മനുഷ്യരുടെ രോദനം ലോകം കേട്ടേ തീരൂ. എല്ലാവരുടെയും ശുദ്ധജല അവകാശങ്ങൾ ഉറപ്പാക്കാൻ വേണ്ട നയങ്ങളും നിയമങ്ങളും ധനസഹായവും പദ്ധതികളും അത്യാവശ്യമാണ്.

## നമുക്ക് എന്തു ചെയ്യാം?

- നമ്മുടെ നിത്യജീവിതത്തിൽ ഒരു തുള്ളി വെള്ളം പോലും പാഴാക്കാതെ ഉപയോഗിക്കാനുള്ള നൂതനമായ വഴികൾ കണ്ടെത്താം.
- ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ജലസംരക്ഷണ രീതികളെക്കുറിച്ചും നന്നായി പഠിച്ച് മനസ്സിലാക്കാം.
- ജലസ്രോതസ്സുകൾ നശിപ്പിക്കാതെയും മലിനീകരിക്കാതെയും വേണം നാം പുരോഗതി കൈവരിക്കാൻ എന്നുറപ്പാക്കാം.



### ജലദൗർലഭ്യം

- 760 കോടി ജനങ്ങളുള്ള ലോകത്ത് 210 കോടി മനുഷ്യർക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമല്ല.
- പ്രൈമറി സ്കൂളുകളിൽ നാലിലൊന്നിനു പോലും ശുദ്ധജല ലഭ്യതയില്ല.
- മലിനജലം കുടിച്ചും മോശപ്പെട്ട ശുചിത്വപരിപാലനം കാരണവും 5 വയസ്സിനു താഴെയുള്ള 700 കുഞ്ഞുങ്ങൾ അതിസാരവും കോളറയും ബാധിച്ച് പ്രതിദിനം മരിക്കുന്നു.
- ശുദ്ധവും സുരക്ഷിതവുമായ ജലം ലഭ്യമല്ലാത്ത ജനങ്ങളിൽ 80 ശതമാനം പേരും ഗ്രാമങ്ങളിൽ വസിക്കുന്നവരാണ്.
- പെൺകുട്ടികളും സ്ത്രീകളുമാണ് ദിവസേന പത്തും ഇരുപതും കിലോമീറ്റർ നടന്ന് തലച്ചുമടായി ജലം ശേഖരിച്ച് വീട്ടിലെത്തിക്കുന്നത്.
- ജലജന്യരോഗങ്ങളും നല്ല ശുചിത്വമില്ലായ്മയും കാരണം ലോകത്തൊട്ടാകെ 800 സ്ത്രീകൾ പ്രസവത്തിൽ മരിക്കുന്നു.
- അഭയാർഥികളായി അലയുന്ന 685 ലക്ഷം മനുഷ്യർക്ക് ശുദ്ധജലം ലഭ്യമല്ല.
- 400 കോടിയോളം മനുഷ്യർ (ലോക ജനസംഖ്യയുടെ മൂന്നിൽ രണ്ട്) വർഷത്തിൽ ഒരു മാസമെങ്കിലും ഗുരുതരമായ ജലക്ഷാമം അനുഭവിക്കുന്നു.
- 2030 ആവുമ്പോൾ ലോകത്തെ 70 കോടി ജനങ്ങൾ കടുത്ത ജലക്ഷാമം മൂലം അഭയാർഥികളാവും.

കൂടുതൽ വിവരങ്ങൾക്ക് www.worldwaterday.org/events എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# മീൻപിടുത്തം

എം കൃഷ്ണദാസ്


മീൻപിടുത്തത്തിൽ പണ്ടേ, എനിക്കു മിടുക്കു കുറവായിരുന്നു. പുതുമഴ പെയ്തന്ന് രാത്രി പെട്രോമാക്സും വെട്ടുകത്തിയുമായി അച്ഛൻ കണ്ണേപ്പാടത്തേക്കിറങ്ങും. പുത്തൻകുളത്തിൽ നിന്നും ഏറ്റുമീൻ കേറുമെന്നതിനാൽ പലരും വെളിച്ചവും വെട്ടുകത്തിയുമായെത്തും. ആദ്യം ചെളുക്ക*യുള്ള മീൻ കിട്ടിയാൽ അന്ന് ധാരാളം മീൻ കിട്ടുമെന്നാണ് മീൻപിടുത്തക്കാരുടെ വിശ്വാസം.

ഒറ്റത്തവണ മാത്രമേ അച്ഛൻ എന്നെ മീൻ പിടിക്കാൻ, ഒപ്പം കൂട്ടിയിട്ടുള്ളു. കണ്ണേപ്പാടം മുതൽ അരിങ്കില്ലിപ്പാടം വരെ പത്തിലധികം കുളങ്ങളുണ്ട്. അതിൽ നിന്നെല്ലാം പുതുമഴയ്ക്ക് ഏറ്റുമീൻ കേറും. ചെക്കൻ കുറച്ചു മുതിർന്നു എന്ന ധാരണയിലാണ്, അച്ഛൻ എന്നെ ഒപ്പം കൂട്ടിയത്. പെട്രോമാക്സും വെട്ടുകത്തിയുമായി അച്ഛൻ മുന്നിൽ നടന്നു. പ്ലാസ്റ്റിക്കു ചാക്കും പേടിയും തണുപ്പും കൂട്ടിപ്പിടിച്ച് ഞാൻ പിറകെ ചെന്നു.

പുത്തൻകുളത്തിൽ നിന്നു വരുന്ന ചാലിൽ വെച്ച് അച്ഛൻ, ആദ്യത്തെ മീനിനെ വെട്ടി. അത് മൊയ്യാ*യിരുന്നു. തപ്പിയെടുത്തയുടൻ അച്ഛനെന്നെയാണ് നോക്കിയത്. ചെളുക്കയില്ലാത്ത മീനാണ് കിട്ടിയിരിക്കുന്നത്. അതോടെ അച്ഛന്റെ മനസ്സു കെട്ടു. പിന്നെ, ജെയിംസേട്ടന്റെ ചെറിയ കുളവും തങ്കേട്ടന്റെ വെള്ളക്കുഴിയും കടന്നിട്ടും ഒരു മീനിന്റെ പൊടിപോലും കണ്ടില്ല. അച്ഛൻ പിറുപിറുപ്പ് തുടങ്ങി.

പൂക്കാട്ടുകാരുടെ കുളത്തിനരികിലൂടെ നടന്ന്, റോഡിലെ ഓവുപാലവും കടന്ന് അമ്പലക്കുളത്തിനടുത്തെത്താറായ നേരത്ത്, ഒരു കഴായ* ചാടുമ്പോൾ അച്ഛന്റെ കാലു വഴുതി. കൈയിലെ പെട്രോമാക്സ് താഴേ വീണ് വെള്ളം കേറി കെട്ടതോടെ എന്നെന്നേക്കുമായി എന്നോടൊത്തുള്ള മീൻപിടുത്തം അച്ഛൻ, ബർക്കത്തില്ലാത്തവനെന്നു പറഞ്ഞു നിറുത്തി.

ഒറ്റയ്ക്കുള്ള മീൻപിടുത്തത്തിലും എനിക്കു മിടുക്കു തെളിയിക്കാനായിട്ടില്ല. ശീമക്കൊന്ന വടിയും ചൂണ്ടയും കൊക്കിയും മണ്ണിരയും കൊണ്ട് കരിമ്പത്തോട്ടിൽ അച്ചാലും പിച്ചാലും നടന്നിട്ടും ഒരു കരിതല* പോലും എന്റെ ചൂണ്ടയെ തിരിഞ്ഞു നോക്കിയിട്ടില്ല.



വര: റോണി ദേവസ്യ

പക്ഷേ, ഒരിക്കൽ ഞാനൊറ്റയ്ക്ക് ഒരു കണ്ണൻമീനി*നെ കീഴടക്കിയിട്ടുണ്ട്. കണ്ണേപ്പാടത്ത് അമ്മ ഞാറു പറിക്കലിനും നടീലിനും പോകുന്ന സമയത്ത്. ഞാൻ സ്ക്കൂൾ വിട്ടു വന്ന് പുസ്തകം ഉമ്മറത്തിണ്ണയിലേക്ക് വലിച്ചെറിഞ്ഞ് അമ്മ ഞാറു പറിക്കുന്ന കണ്ടത്തിലെ പറിച്ചൊഴിഞ്ഞയിടത്തെ തെളിവെള്ളത്തിൽ കൂത്താടാൻ ചെന്നപ്പോൾ, അമ്മ കണ്ണുകൊണ്ട് കാട്ടി, ഞാറ്റിലൊരു മൂലയ്ക്ക് ഒരു മീനുണ്ട് പിടിച്ചോ. ഇത്തിരി വെള്ളത്തിൽ ചെക്കൻ മീൻ പിടിച്ചു, പഠിക്കട്ടേ കരുതിയാകും ആ വേട്ട എന്നെ ഏൽപ്പിച്ചത്.

വരമ്പിലേക്കു കേറി ഞാൻ പമ്മി പമ്മി ഞാറിനിടയിൽ പതുങ്ങിയിരിക്കുന്ന കണ്ണനെ പിടിക്കാൻ ചെന്നു. അനായാസം അതിനെയെനിക്കു പിടിക്കാനായെങ്കിലും വരമ്പിലേക്ക് തിരികെക്കേറുമ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. കണ്ണനെ പിടിച്ചതിനടുത്ത് നിറയെ, ചുവന്ന പൊടിമീനുകൾ. കൗതുകകരമായ ആ കാഴ്ച നോക്കി ഞാൻ പറഞ്ഞു:

'അമ്മാ, ഇവിടെ നിറയെ ചുവന്ന പരലുകൾ ...'

'എടാ പൊട്ടാ, ആ കണ്ണൻ പാറ്റിയതാ* അത്. അതിന്റെ മക്കളാണ് അതെല്ലാം. അതോണ്ടല്ലെ, അതിനെ അനക്ക് വേഗം കിട്ടീത്..... '

മറ്റൊന്നും പറയാതെ പിടിച്ച കണ്ണനെ അവറ്റകളുടെ അടുത്തേക്കുതന്നെ വിട്ട് ഞാൻ ഞാറ്റുകണ്ടത്തിലെ ചളിവെള്ളത്തിൽ കളിക്കാനിറങ്ങി.

*(ചെളുക്ക - ചെതുമ്പൽ, മൊയ്യ് - ആഫ്രിക്കൻ മുഷി, കഴായ - വെള്ളം ഒഴുകാനുള്ള ചാൽ, കരിതല - ഒരിനം മീൻ, കണ്ണൻമീൻ - വരാൽ, പാറ്റുക - മീനിന്റെ മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ ഉണ്ടാവുക.)*

കുട്ടിക്കവിത

# അപ്പൂപ്പൻമാവ്

ഹരീഷ് ആർ നമ്പൂതിരിപ്പാട്



വര: ആശ ആർ

അപ്പൂപ്പൻമാവിന്റെ കൊമ്പിലുണ്ടേ
അഞ്ചാറു ചെല്ലക്കിളിക്കുടുംബം
തത്തയും മൈനയും പൂങ്കുയിലും
കാക്കയുമുപ്പനും ചെമ്പരുന്തും
ദുഷ്ടന്മാരാരോ മഴുവുമേന്തി
പെട്ടെന്നു മാവിൻ ചുവട്ടിലെത്തി
ഉപ്പനും കാക്കയുമൊത്തുകൂടി-
ക്കൊത്തിപ്പറിച്ചൂ നിറുകനോക്കി
ചെമ്പരുന്തെത്തിയ നേരത്തയ്യാ
ഓടിമറഞ്ഞവർ പേടിയോടെ.

# പരിസ്ഥിതിക്കുവേണ്ടി
# പോരാടിയ വനിതകൾ

മേരി അനീറ്റ

**മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി ആചരിക്കുകയാണല്ലോ. അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ ഈ മാസം വനിതകളുടെ ചരിത്ര മാസമായാണ് ആഘോഷിക്കുന്നത്. ഈയവസരത്തിൽ നിശ്ചയദാർഢ്യത്താലും കഠിന പ്രയത്നത്താലും പ്രകൃതിസംരക്ഷണത്തിനും വന്യജീവികളുടെ സുരക്ഷയ്ക്കുമായി ജീവിതം മാറ്റി വച്ച സാഹസികരായ സ്ത്രീരത്നങ്ങളെ നമുക്ക് പരിചയപ്പെടാം.**



## ഡോ. ജെയിൻ ഗൂഡൽ



ലോകത്തിലെ ഏറ്റവും മികച്ച ആൾക്കുരങ്ങ് വിദഗ്ദ്ധയെന്ന് അറിയപ്പെടുന്ന ഡോ. ജെയിൻ ഗൂഡൽ, താൻസാനിയയിലെ ഗോംബെ സ്ട്രീം ദേശീയ ഉദ്യാനത്തിലെ വലിയ കുരങ്ങുകളെപ്പറ്റിയാണ് പഠനം നടത്തിയത് . അൻപത്തിയഞ്ചു വർഷത്തോളമായി ചിമ്പാൻസികളുടെ സംരക്ഷണത്തിനായി ഇവർ പ്രവർത്തിച്ചുവരുന്നു. പുരുഷന്മാർ അധികമുള്ള ഈ ശാസ്ത്രമേഖലയിലെ അപൂർവ സ്ത്രീത്വമാണ് ഡോ. ഗൂഡൽ. തന്റെ പഠനത്തിന്റെ ആദ്യകാലങ്ങളിൽ ധാരാളം വിമർശനങ്ങളും പരിഹാസങ്ങളും ഇവർക്ക് നേരിടേണ്ടതായി വന്നു. എന്നാൽ കൂർമ്മമായ നിരീക്ഷണപാടവവും സ്ഥിരോത്സാഹശീലവുമുള്ള ഡോ. ജെയിൻ മറ്റുള്ളവരെ പോലെ കേവലം കേൾവിക്കാരിയായിരുന്നില്ല. അവരുടെ ഗവേഷണം കുരങ്ങുകളുടെയും മനുഷ്യരാശിയുടെയും ചരിത്രത്തെ സംബന്ധിച്ച് അതുവരെ ഉണ്ടായിരുന്ന ധാരണകൾ പൊളിച്ചെഴുതി. 1977ൽ ഡോ. ഗൂഡൽ ഗോംബെയിലെ തന്റെ ഗവേഷണത്തിനും ചിമ്പാൻസികളുടെ ആവാസയിടങ്ങളുടെ സംരക്ഷണത്തിനുമായി ജെയിൻ ഗൂഡൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. വ്യത്യസ്തമായ വിദ്യാഭ്യാസ സാമുദായിക പരിപാടികൾ സംഘടിപ്പിക്കുന്ന ഈ സ്ഥാപനം ആഫ്രിക്കയിൽ പ്രസിദ്ധമാണ്. 2002 ഏപ്രിലിൽ ഐക്യരാഷ്ട്ര സഭയുടെ സമാധാനവാഹകയായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ജെയിൻ ഒരു വർഷം ശരാശരി 300 ദിവസം ലോകമെങ്ങും സഞ്ചരിച്ചു ചിമ്പാൻസികളെ കുറിച്ചുള്ള അറിവ് പകർന്നു നൽകുന്നു.



## ഡോ. ബിരുതെ ഗാൽദിക്കസ്



വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒറാങ് ഉട്ടാനുകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന കനേഡിയൻ മൃഗാവകാശ പ്രവർത്തകയാണ് ഡോ. ബിരുതെ ഗാൽദിക്കസ്. 1971ൽ ഇന്തോനേഷ്യൻ കാടുകളിൽ ഗവേഷണത്തിനായി അവസരം ലഭിച്ചപ്പോൾ ധാരാളം പേർ ബിരുതെക്ക് അത് ചെയ്യാൻ കഴിയില്ല എന്ന് പറഞ്ഞു നിരുത്സാഹപ്പെടുത്തി. എന്നാൽ ഇന്ന് ലഭ്യമായിട്ടുള്ള ബോർണിയൻ, സുമാത്രൻ വിഭാഗങ്ങളിലെ ഒറാങ് ഉട്ടാനുകളെ കുറിച്ചുള്ള അറിവുകൾ അവരുടെ കഠിനപരിശ്രമ ഫലമായി കിട്ടിയതാണ്. ഡോ. ഗാൽദിക്കസ് തന്റെ ദൗത്യപൂർത്തീകരണത്തിനായി സ്വയം പണം ചെലവഴിച്ചു ക്യാമ്പ് ലീക്കി നിർമ്മിച്ചു. പിന്നീടത് ലൂയിസ് ലീക്കി എന്ന പേരിൽ അറിയപ്പെട്ടു. ആൾക്കുരങ്ങുകളെ പറ്റിയുള്ള ദൈർഘ്യമേറിയ തുടർപഠന ശാഖയായി അത് നിലകൊള്ളുന്നു. തന്റെ പഠനസംബന്ധിയായി നിരവധി ശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും അനവധി ക്ലാസുകൾ കൈകാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒറാങ് ഉട്ടാനുകൾക്ക് വേണ്ടി ശക്തമായി പ്രവർത്തിക്കുന്ന ഡോ. ബിരുതെ 1986ൽ ലോസാഞ്ചൽസിൽ 'ഒറാങ് ഉട്ടാൻ ഫൗണ്ടേഷൻ ഇന്റർനാഷണൽ ' സ്ഥാപിച്ചു. 1997ൽ മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തകയ്ക്കുള്ള ടൈലർ പുരസ്കാരം നേടി.

## ഡോ. കൃതി കരാന്ത്



ഇന്ത്യയിലെ പ്രമുഖ ജന്തുശാസ്ത്രജ്ഞരിൽ ഒരാളായ ഡോ. ഉല്ലാസ് കരാന്തിന്റെ മകളാണ് ഡോ. കൃതി കരാന്ത്. എട്ടു വയസ്സു മുതൽ തന്നെ കൃതി പിതാവിനോടൊപ്പം കടുവകളെ കുറിച്ചു പഠിക്കാനായി പോകുമായിരുന്നു. വന്യജീവികളുടെ ഭീഷണിയിൽ കർഷകർ ഒരുപാട് കഷ്ടപ്പെടുന്നുണ്ടെന്ന് അവൾ മനസിലാക്കി. ഡ്യൂക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ജന്തുശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി ഇന്ത്യയിലെത്തിയ കൃതി വൈരുദ്ധ്യമേഖലകളെ കുറിച്ച് പഠനം നടത്തി. വനഭൂമി സംരക്ഷണത്തെ സംബന്ധിച്ച് പതിനാറോളം ശാസ്ത്ര ലേഖനങ്ങൾ ലോകമെങ്ങും പ്രസിദ്ധീകരിച്ചു. ഇന്ത്യയിലെ പ്രമുഖ പത്ര ങ്ങൾ എല്ലാംതന്നെ ഇവരുടെ പ്രവർത്തനങ്ങൾ വാർത്തയാക്കി. വന്യജീവി സങ്കേത സൊസൈറ്റിയുടെ അസ്സോസിയേറ്റ് കൺസർവേഷൻ ശാസ്ത്രജ്ഞയായും ബംഗളുരുവിലെ സെന്റർ ഫോർ വൈൽഡ്ലൈഫ് സ്റ്റഡീസിൽ എക്സിക്യൂട്ടീവ് ഡയറക്ടറായും പ്രവർത്തിക്കുന്ന ഡോ. കൃതി, വംശനാശ ഭീഷണി നേരിടുന്ന കടുവകളുടെ സംരക്ഷണത്തിനും മെച്ചപ്പെട്ട സാഹചര്യങ്ങൾ അവയ്ക്ക് ലഭ്യമാക്കാനും വേണ്ടി യത്നിക്കുന്നു. 2012ൽ നാഷണൽ ജോഗ്രഫി തിരഞ്ഞെടുത്ത മികച്ച പര്യവേഷകരിൽ ഒരാളായിരുന്നു ഡോ. കൃതി. ഫെമിന മാഗസിൻ ഇന്ത്യയിലെ ശക്തരായ സ്ത്രീകളെ തിരഞ്ഞെടുത്ത കൂട്ടത്തിലും ഇവർ ഉണ്ടായിരുന്നു.



## ഡോ. ലൗറി മാർക്കർ



ആഫ്രിക്കൻ വനാന്തരങ്ങളിലെ ചീറ്റപ്പുലികൾക്കു വേണ്ടി പ്രവർത്തിച്ച പരിസ്ഥിതിപ്രവർത്തകയാണ് ഡോ. ലൗറി മാർക്കർ. 1974 മുതൽ പ്രവർത്തിച്ചു തുടങ്ങിയ ഇവർ 1990ൽ ചീറ്റ കൺസർവേഷൻ ഫണ്ട് സ്ഥാപിച്ചു. ലോകത്തിലെ ഏറ്റവും വേഗത കൂടിയ മൃഗങ്ങളെ കുറിച്ച് പഠിക്കാനും സ്ഥിരമായ ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കാനും തീരുമാനിച്ച ഡോ. മാർക്കർ ചീറ്റപ്പുലികൾ ധാരാളമുള്ള ആഫ്രിക്കൻ രാജ്യമായ നമീബയിലെത്തി. തങ്ങളുടെ ആവാസയിടങ്ങൾ നഷ്ടമായതിനാൽ ചീറ്റകൾ കൃഷിയിടങ്ങളിലേക്ക് കയറിവന്നു കർഷകരെ ഭയപ്പെടുത്തുന്ന സ്ഥിതിവിശേഷമായിരുന്നു അപ്പോൾ അവിടെ ഉണ്ടായിരുന്നത്. ഡോ. ലൗറി മാർക്കറും സംഘവും പുതുതായി ജനിക്കുന്ന ചീറ്റപ്പുലികളെ വനാന്തരങ്ങളിലേക്ക് എത്തിക്കുകയും കർഷകരുമായി ചേർന്ന് അവയുടെ ആവാസയിടങ്ങൾ വിപുലമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 2000ത്തിൽ ടൈം മാഗസിൻ തിരഞ്ഞെടുത്ത ഭൂസംരക്ഷക ഹീറോകളിൽ ഒരാളായിരുന്നു ഡോ. ലൗറി. സാന്റിയാഗോ സുവോളജിക്കൽ സൊസൈറ്റി ലൈഫ് ടൈം അചീവ്മെന്റ് അവാർഡ് നൽകി 2008ൽ ആദരിച്ചു. 2010ൽ പരിസ്ഥിതി നേട്ടത്തിനുള്ള ടൈലർ പുരസ്കാരവും ലൗറി കരസ്ഥമാക്കി.



## ഡിയാൻ ഫൊസ്സേയ്



മൃഗാവകാശ പ്രവർത്തനങ്ങളുടെ പേരിൽ രക്തസാക്ഷിയാകേണ്ടി വന്ന മഹത് വ്യക്തിയാണ് അമേരിക്കക്കാരിയായ ഡിയാൻ ഫൊസ്സേയ്. പർവതനിരകളിലെ ഗൊറില്ലകളെ കുറിച്ചറിയാനുള്ള അവരുടെ തീവ്രമായ താല്പര്യം 35-ാം വയസിൽ റുവാണ്ടയിലെ വിരുംഗ മഞ്ഞു മലകളിലെത്തിച്ചു. തുടർന്നുള്ള 20 വർഷക്കാലം ഡിയാൻ അവിടത്തെ ഗൊറില്ലകളുടെ കുടുംബഘടനയും സാമൂഹികഘടനയും പഠനവിധേയമാക്കി. വന്യമൃഗങ്ങളുടെ വേട്ടയാടലിനെതിരെ ശക്തമായി പ്രതികരിച്ച ഫൊസ്സേയ് ധാരാളം വന്യമൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു. 1983ൽ മൂടൽമഞ്ഞിലെ ഗൊറില്ലകൾ' എന്ന പേരിൽ, താൻ ഗവേഷണം നടത്തിയ നാല് ഗൊറില്ല കുടുംബങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഓർമക്കുറിപ്പായി പ്രസിദ്ധീകരിച്ചു. റുവാണ്ടയിലെ പ്രകൃതിദത്ത ആവാസയിടങ്ങളെ സസൂഷ്മം നിരീക്ഷിച്ച ഡിയാൻ പർവത ഗൊറില്ലകളെ മനുഷ്യസാന്നിധ്യത്തിൽ മെരുക്കിയെടുത്തു. അവയുടെ സംരക്ഷണത്തിനായി കരിസൊക്കെ എന്ന ഗവേഷണകേന്ദ്രം സ്ഥാപിച്ചു. 1985ൽ ഡിയാൻ ഫൊസ്സേയ് ശത്രുക്കളാൽ ക്രൂരമായി കൊല്ലപ്പെട്ടു. റുവാണ്ടൻ ആഭ്യന്തരയുദ്ധകാലത്തു കരിസൊക്കെ നശിപ്പിക്കപ്പെട്ടെങ്കിലും അവരുടെ ആത്മാവ് 'ഡിയാൻ ഫൊസ്സേയ് ഗൊറില്ല ഫണ്ട് ഇന്റർനാഷണലിലൂടെ' ഇന്നും ജീവിക്കുന്നു. വംശനാശഭീഷണിയുടെ വക്കിലായ 900ത്തിൽ താഴെയുള്ള പർവത ഗൊറില്ലകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ സംഘടന യത്നിക്കുന്നു. 1988ൽ ഫൊസ്സയുടെ പ്രചോദനാത്മകമായ ജീവിതം സിനിമയായി.

## മോളി ബിയാട്ടി



അമേരിക്കൻ ഫിഷ് ആൻഡ് വൈൽഡ്ലൈഫ് സർവിസിൽ ഡയറക്ടറായി നിയമിക്കപ്പെട്ട ആദ്യ വനിതയാണ് മോളി ബിയാട്ടി. 1993ൽ പ്രസിഡന്റ് ബിൽ ക്ലിന്റനാണ് ഇവരെ തിരഞ്ഞെടുത്തത്. 1920കളിൽ യെല്ലോസ്റ്റോൺ ദേശീയ ഉദ്യാനത്തിലെ ചാര നിറമുള്ള ചെന്നായ്ക്കളുടെ പുനരധിവാസത്തിനായി തീവ്രമായി പ്രയത്നിച്ച ആദ്യ വ്യക്തി കൂടിയാണ് മോളി. പതിനഞ്ചോളം വന്യജീവി സങ്കേതങ്ങളുടെ നിർമാണ നടത്തിപ്പിന് ഇവർ മേൽനോട്ടം വഹിച്ചു. വംശനാശഭീഷണിയിലുള്ള ജീവികളുടെ സംരക്ഷണനിയമവും ശുദ്ധജലനിയമവും നടപ്പിൽ വരുത്താൻ പ്രധാന പങ്ക് വഹിച്ചു. 49-ാം വയസ്സിൽ ബ്രെയിൻ കാൻസർ മൂലം മോളി ബിയാട്ടി മരണപ്പെട്ടു. ആർട്ടിക് ദേശീയ വന്യമൃഗ സങ്കേതത്തിലെ 8 ദശലക്ഷം ഏക്കറിനു മോളി ബിയാറ്റിയുടെ സ്മരണയ്ക്കായി അവരുടെ പേര് നൽകിയിരിക്കുന്നു.

## ജിൽ റോബിൻസ



ബ്രിട്ടീഷുകാരിയായ ജിൽ റോബിൻസൺ 1980ന്റെ തുടക്കത്തിൽ ഹോങ്കോങ്ങിലെത്തുകയും തുടർന്നുള്ള 12 വർഷം അന്താരാഷ്ട്ര മൃഗക്ഷേമബോർഡിൽ ഉപദേശകയായി പ്രവർത്തിക്കുകയും ചെയ്തു. മൃഗങ്ങളോട് കാണിക്കുന്ന ക്രൂരതകളുടെ തീവ്രത മനസിലാക്കിയ ജിൽ ഡോ. ഡോഗ് എന്ന പേരിൽ ലോകത്തിലെ തന്നെ ആദ്യ മൃഗതെറാപ്പി ആവിഷ്കരിച്ചു. ഏഷ്യൻ ജനങ്ങൾക്ക് നായകളോട് ഉണ്ടായിരുന്ന കാഴ്ചപ്പാട് മാറ്റാൻ ഇത് സഹായിച്ചു. ചൈനയിൽ വച്ച് കണ്ട പിത്തരോഗബാധിതനായ കരടിയുടെ ചിത്രം ജിലിനെ വല്ലാതെ സ്വാധീനിച്ചു. അതേത്തുടർന്ന് 1998ൽ അവർ അനിമൽ ഏഷ്യ ആരംഭിക്കുകയും ചൈനയിലും വിയറ്റ്നാമിലുമുള്ള 400 കരടികളെ സംരക്ഷിക്കുകയും ചെയ്തു. ജിൽ റോബിൻസണും കൂട്ടരും കരടികൾക്ക് വേണ്ടി മാത്രമല്ല പൂച്ചകളുടെയും നായ്ക്കളുടെയും ക്ഷേമത്തിന് വേണ്ടിയും വാദിച്ചു. ചൈനയിലുടനീളം നൂറിലധികം മൃഗസംരക്ഷക ഗ്രൂപ്പുകൾ ജിൽ റോബിൻസണ് കീഴിൽ പ്രവർത്തിക്കുന്നു. മൃഗങ്ങൾ സ്നേഹിതരാണ്, ഇരകളല്ല എന്ന ആശയമാണ് ഇവർ മുന്നോട്ടു വയ്ക്കുന്നത്. 1998ൽ എലിസബത്ത് രാജ്ഞിയിൽ നിന്നും MBE അവാർഡും 2011ൽ ലോകത്തിലെ ഏറ്റവും മികച്ച വന്യജീവി സങ്കേതത്തിനുള്ള ഗ്ലോബൽ ഫെഡറേഷൻ പുരസ്കാരവും കരസ്ഥമാക്കി.





## ഡോ. പൗള കഹുമ്പു



കെനിയയിലെ പരിസ്ഥിതിസംരക്ഷക സംഘടനയായ വൈൽഡ്ലൈഫ് ഡിറെക്റ്റിന്റെ അധ്യക്ഷയായിരുന്നു ഡോ. പൗള. 2013ൽ കെനിയയുടെ പ്രഥമ വനിതയായിരുന്ന മാർഗെരെറ്റ് കെനിയാട്ടയുടെ സഹായത്തോടെ 'ആനകളുടെ സംരക്ഷണത്തിനായി കൈകോർക്കാം' എന്ന പ്രസിദ്ധമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. ആനകളുടെ സംരക്ഷണത്തിനായി ഭരണതലത്തിൽ വേണ്ട നടപടികൾ കൈക്കൊള്ളുക ഗ്രാമീണരുടെ അഭിപ്രായങ്ങൾ മാനിച്ചു പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവയായിരുന്നു ഈ ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ. ഇതിന്റെ ഫലമായി വനം - പരിസ്ഥിതി പ്രവർത്തകർക്ക് വാർത്താപ്രാധാന്യം ലഭിക്കുകയും വന്യജീവി കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി അജ്ഞാത ഹോട്ലൈൻ സ്ഥാപിക്കുകയും ചെയ്തു. മികച്ച എഴുത്തുകാരി കൂടിയായ പൗള കഹുമ്പു ഹിപ്പോപൊട്ടാമസിന്റെയും ആമയുടേയും സൗഹൃദത്തിന്റെ കഥ പറയുന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

## ഡോ. സാന്റിയുൻ ലീക്ക് ചൈലെർട്ട്



തായ്ലൻഡിലെ ചിങ്മായി എന്ന ആദിവാസി ഗ്രാമത്തിലാണ് ലീക്ക് ചൈലെർട്ട് ജനിച്ചുവളർന്നത്. തന്റെ കോളേജ് പഠനത്തിന് ശേഷം ട്രക്കിങ് കമ്പനിയിൽ ജോലിക്ക് ചേർന്ന ലീക്ക് ഏഷ്യൻ ആനകൾ നേരിട്ടുകൊണ്ടിരിക്കുന്ന ഭയാനകമായ ചൂഷണങ്ങൾ നേരിട്ട് മനസിലാക്കി. ദീർഘദൂരം ഭാരം ചുമന്നു നിരത്തിലൂടെ ആനകളെ നടത്തിക്കുക, വയസായ ആനകളെ സവാരിയുടെ പേരിൽ ക്രൂരമായി പീഡിപ്പിക്കുക എന്നിങ്ങനെയുള്ള ദുരിതങ്ങൾ കണ്ടു മനസ്സലിഞ്ഞ ചൈലെർട്ട് ആനകളുടെ സംരക്ഷണത്തിനായി തന്റെ ജീവിതം മാറ്റിവച്ചു. 1995ൽ എലിഫന്റ് നേച്ചർ ഫൌണ്ടേഷൻ സ്ഥാപിക്കുകയും അവയുടെ അവകാശങ്ങൾക്ക് വേണ്ടി ശക്തമായി വാദിക്കുകയും ചെയ്തു. ഫൗണ്ടേഷനകത്തെ നാച്ചുറൽ പാർക്ക് എന്ന വിഭാഗം പീഡനത്തിനിരയായ ആനകൾക്ക് പുനരധിവാസം പ്രദാനം ചെയ്യുന്നു. ജംബോ എക്സ്പ്രസ്സ് എന്ന വിഭാഗമാവട്ടെ തായ്ലൻഡിലെ ഗ്രാമങ്ങളിലുള്ള ആനകൾക്ക് അടിയന്തര വൈദ്യസഹായം നൽകുന്നു. ആനകളെ ജീവിയെന്ന നിലയിൽ പരിഗണിക്കുകയും അവയുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യണമെന്ന ആശയമാണ് ലീക്ക് മുന്നോട്ടു വയ്ക്കുന്നത്.



## മാർഗെരെറ്റ് മാർദേ മ്യൂറി



‘സംരക്ഷണ മുത്തശ്ശി ’എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അമേരിക്കൻ പരിസ്ഥിതിപ്രവർത്തകയാണ് മാർഗെരെറ്റ് മാർദേ മ്യൂറി. ഇവരുടെ കഠിന പരിശ്രമഫലമായി 1964ൽ അമേരിക്കയിൽ വന്യത നിയമം നടപ്പിൽ വരികയും അതുവഴി ദശലക്ഷം ഏക്കർ വനഭൂമിയെ മറ്റു നിർമാണ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കി സംരക്ഷിക്കാൻ സാധിക്കുകയും ചെയ്തു. മാർഗരറ്റിന്റെ നിരന്തര ഇടപെടൽ നിമിത്തം അമേരിക്കൻ പ്രസിഡന്റായിരുന്ന ഡ്വൈറ്റ്. ഇ. ഐസൻഹോവർ 8 ദശലക്ഷം ഏക്കർ ഭൂമി ആർട്ടിക് ദേശീയ വന്യജീവി സങ്കേതത്തിന്റെ നിർമാണത്തിനായി മാറ്റിവച്ചു. 1924ൽ മാർദേ അമേരിക്കൻ മത്സ്യ വന്യജീവി സർവീസിൽ സേവനം ചെയ്ത ഓൾസ് മ്യൂറിയെ വിവാഹം കഴിച്ചു. അവരിരുവരും 8 മാസം കൊണ്ട് 550 മൈൽ യാത്ര ചെയ്ത് അലാസ്കയിലെ ബ്രൂക്ക്സ് റേഞ്ചിലെ കലമാനുകളെ പറ്റി പഠിച്ചു. ഭർത്താവിന്റെ മരണശേഷം മാർദേ നിരവധി പരിസ്ഥിതി സംഘങ്ങളെയും ഫെഡറൽ ഏജൻസികളെയും അഭിസംബോധന ചെയ്തു വനസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി സംസാരിച്ചു. 1998ൽ പ്രസിഡന്റ് ബിൽ ക്ലിന്റൺ ഏറ്റവും ഉയർന്ന അമേരിക്കൻ സിവിലിയൻ ബഹുമതിയായ മെഡൽ ഓഫ് ഫ്രീഡം സമ്മാനിച്ചു കൊണ്ട് പരിസ്ഥിതി പ്രവർത്തനത്തിന് വഴിതെളിച്ചവൾ എന്ന് വിശേഷിപ്പിച്ചു. 2003 ഒക്ടോബർ 19ന് 101-ാം വയസിൽ മാർഗെരെറ്റ് തന്റെ ക്രിയാത്മകമായ ജീവിതത്തോട് വിട പറഞ്ഞു.

## ഹാരിയറ്റ് ഹെമിൻവേ



പക്ഷികളുടെ സംരക്ഷണത്തിനായി തീവ്രമായി യത്നിച്ച വനിതയാണ് ഹാരിയറ്റ് ഹെമിൻവേ. തൂവൽവ്യാപാരം അവസാനിപ്പിച്ചുകൊണ്ട് എണ്ണമറ്റ പക്ഷികളുടെ ജീവൻ രക്ഷിക്കാൻ ഹരിയേറ്റിനു സാധിച്ചു. ഗിൽഡഡ് കാലഘട്ടത്തിലെ സ്ത്രീകൾ അമിത ഫാഷൻ ഭ്രമക്കാരും തൂവലുകൾ കൊണ്ടുള്ള തൊപ്പികൾ അണിയുന്നവരുമായിരുന്നു. മരംകൊത്തികൾ, കൊക്കുകൾ, മൂങ്ങകൾ, ക്രൗഞ്ചപക്ഷികൾ, രാപ്പാടികൾ തുടങ്ങി നിരവധി പക്ഷികളെയാണ് ഇതിനായി കൊന്നൊടുക്കിയത്. 1896ൽ ഹാരിയറ്റും ബന്ധു മിന്നാ ബി ഹാളും ചേർന്നു പ്രധാനികളായ സ്ത്രീകൾക്ക് വിരുന്നൊരുക്കുകയും അവിടെ വച്ച് പക്ഷികളെ കൊന്നൊടുക്കുന്നതിന്റെ ഭീകരത മനസിലാക്കി കൊടുക്കുകയും ചെയ്തു. കൂടാതെ തങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങളിലേക്ക് അവരെ സ്വാഗതം ചെയ്തു. മസാച്യുസെറ്റ്സ് ഓഡ്ബാൻ സൊസൈറ്റി എന്ന പേരിൽ ആ പക്ഷിസംരക്ഷണ യജ്ഞം അറിയപ്പെട്ടു. 900ത്തിലധികം സ്ത്രീകൾ ഇതിൽ ചേർന്ന് പ്രവർത്തിക്കുകയും ഇവരുടെ നിരന്തര സമ്മർദഫലമായി തൂവലുകൾക്കായി പക്ഷികളെ കൊന്നൊടുക്കുന്നത് കുറ്റകരമാക്കി കൊണ്ട് 1913ൽ വീക്സ് മക്ലീൻ ബിൽ ഗവണ്മെന്റ് പാസാക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ ഉടനീളം ഇതിനു പ്രചാരം ലഭിക്കുകയും വിക്ടോറിയ രാജ്ഞി തൂവൽ തൊപ്പി ധരിക്കില്ല എന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.





## ഡോ. യൂജിൻ ക്ലാർക്ക്



ഷാർക് ലേഡി എന്ന ഓമനപ്പേരുള്ള ഡോ. യൂജിൻ ക്ലാർക്ക് സമുദ്രസംരക്ഷണത്തിനു വേണ്ടി വാദിച്ച ആദ്യ വനിതയാണ്. ന്യൂയോർക്കിൽ ജനിച്ച ജാപ്പനീസുകാരിയായ ഇവർ സമുദ്രത്തെപ്പറ്റിയും സ്രാവുകളുടെ സ്വഭാവസവിശേഷതകളെപ്പറ്റിയും ആഴത്തിൽ ചിന്തിച്ചു. സമുദ്രവുമായി കൂടുതൽ ബന്ധമുള്ള ജാപ്പനീസ് സംസ്കാരം അവരെ കടലിലേക്ക് കൂടുതൽ അടുപ്പിച്ചു. ശനിയാഴ്ചകളിൽ ന്യൂയോർക് സിറ്റി അക്വേറിയത്തിൽ മീനുകളോടൊപ്പം യൂജിൻ സമയം ചെലവഴിച്ചു. സ്രാവുകളോടുള്ള അമിത താല്പര്യം ക്ലാർക്കിനെ സമുദ്ര ഗവേഷണത്തിൽ ഡോക്ടറേറ്റ് എടുക്കാൻ പ്രേരിപ്പിച്ചു. പെനിസ്വലയിലെ മെക്സിക്കൻ കടലടിത്തട്ടിൽ നിന്നും ക്ലാർക്ക് ഉറങ്ങുന്ന സ്രാവുകളെ കണ്ടെത്തി. നിലനില്പിനായി സ്രാവുകൾ എപ്പോഴും ചലിച്ചു കൊണ്ടിരിക്കുന്നു എന്നു വർഷങ്ങളായി പ്രചരിച്ചിരുന്ന സിദ്ധാന്തത്തെ ഈ കണ്ടെത്തൽ തള്ളിക്കളഞ്ഞു. മൂന്നു തരം മീനുകൾക്ക് നാമകരണം നടത്തിയ യൂജിൻ 1975ൽ തന്റെ അനുഭവങ്ങളെ സിനിമയാക്കി. സിനിമയുടെ വിജയത്തെ തുടർന്ന് നാഷണൽ ജോഗ്രഫിക്സിൽ ലേഖനവും പ്രസിദ്ധീകരിച്ചു. 2015ൽ യു എസ് കോൺഗ്രസ് അവരുടെ വിലമതിക്കാനാവാത്ത പ്രവർത്തനങ്ങൾക്ക് സംഭാവന നൽകി.

മൃഗങ്ങളെ മനുഷ്യരെപ്പോലെ കാണുകയും പരിഗണിക്കുകയും ചെയ്തത് കൊണ്ടാണ് ഈ വനിതകൾ ചരിത്രത്തിൽ ഇടം നേടിയത്. സഹജീവികളോട് സഹാനുഭൂതിയോടെ പെരുമാറാൻ ഇവർ നമ്മെ പഠിപ്പിക്കുന്നു. ഇവരുടെ ജീവിത മാതൃക പിന്തുടർന്ന് നമുക്കും വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. സ്ഥിരോത്സാഹവും കഠിനപരിശ്രമവും കൈമുതലായുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണെന്ന് തിരിച്ചറിയാം.

# എന്തു കൊണ്ടാണിങ്ങനെ?

മീനാകുമാരി ആർ

സൂര്യദേവൻ ജ്വലിച്ചിടുന്നത്
കാണുന്നില്ലേ നിങ്ങളും
നിങ്ങളൊന്നു ചിന്തിക്കേണേ
എന്തുകൊണ്ടാണിങ്ങനെ?
മരങ്ങളെല്ലാം വെട്ടിമാറ്റി
വയലുകളും നിരപ്പാക്കി
പ്രാണവായു മലിനമാക്കി
തീർത്തിടുന്നതെന്തിന്?
സൂര്യദേവൻ ജ്വലിച്ചിടുന്നത്
കാണുന്നില്ലേ നിങ്ങളും
നിങ്ങളൊന്നു ചിന്തിക്കേണേ
എന്തുകൊണ്ടാണിങ്ങനെ?
തെളിമയാർന്ന പുഴകളെല്ലാം
വിഷമയമായ് തീർന്നിതാ
തലയുയർത്തിയ മലകളെല്ലാം
മഞ്ഞുപോലെ മാഞ്ഞുപോയ്
വേനലിന്നു കടുത്തുപോയീ
വാടിടുന്നു സർവതും
നിങ്ങളൊന്നു ചിന്തിക്കേണേ
എന്തുകൊണ്ടാണിങ്ങനെ?
ഫലംതരുന്ന ചെടികളേയും
തണൽവിരിക്കും മരങ്ങളേയും
പോറ്റിടേണേ മക്കളേ
ഭൂമി നമ്മുടെ ജീവനായി
കരുതിടേണേ എന്നുമേ
ഇനി വരുന്നൊരു തലമുറയേ
മറന്നീടല്ലേ മർത്ത്യരേ
ഭൂമി നമ്മുടെ ജീവനായി
കരുതീടേണേ എന്നുമേ.



വര: സന്തോഷ് വെളിയന്നൂർ

# വാരിക്കുഴി


കെ പി യൂസഫ്

കടുത്ത വേനൽ. കാടകത്തിലാണെങ്കിൽ പച്ചപ്പ് തീർന്നുകൊണ്ടിരിക്കുന്നു. വിശപ്പാണെങ്കിൽ സഹിക്കവയ്യ. തനിക്ക് എങ്ങനെയും പിടിച്ചുനിൽക്കാം. പക്ഷേ തന്റെ അരുമസന്താനം? പെറ്റിട്ടോ അധികമായിട്ടില്ല. താൻ ഒരമ്മയല്ലേ? നല്ല പോഷകാഹാരം കൊടുക്കേണ്ട ഈ സമയത്ത് കുറച്ച് പുല്ലെങ്കിലും കിട്ടിയിരുന്നെങ്കിൽ?

ആനക്കൂട്ടങ്ങൾ പച്ചപ്പുള്ള ദിക്കുതേടി അലഞ്ഞുകൊണ്ടിരുന്നു. തന്റെ അമ്മയുടെ കാൽക്കീഴിൽ, തുമ്പിക്കൈ അകലത്തിൽ ആ കുഞ്ഞനാന ശ്രദ്ധയോടെ വിശപ്പ് സഹിച്ച് ചുവടുകൾ വച്ചുകൊണ്ടിരുന്നു. വിശന്ന് കൂട്ടംകൂടി നടക്കുന്നതിനിടയിൽ മുന്നിലുള്ള ചതിക്കുഴികൾ അവ എങ്ങനെ അറിയാൻ? പെട്ടെന്നായിരുന്നു. 'പ്തോം'! താൻ ഭൂമിയിലേക്ക് താണുപോകുന്നുവോ? താൻ എവിടെയാണ് അകപ്പെട്ടത്? ചുറ്റും മൺഭിത്തികൾ. തന്റെ നാലുകാലുകളുംകൊണ്ട് ആ കുഞ്ഞനാന ആവതും ശ്രമിക്കുന്നുണ്ട് മുകളിലേക്കു കയറാൻ. പക്ഷേ പറ്റുന്നില്ല. അത് ദയനീയമായി മുകളിലേക്കു നോക്കി. നിസ്സഹായരായി തന്നെ ശ്രദ്ധാപൂർവം നോക്കി നിൽക്കുന്ന അമ്മയേയും കൂട്ടാളികളെയും അതു കണ്ടു.

അതാ വരുന്നു രണ്ട് കൊമ്പനാനകൾ. കൂടെ കുറച്ചു മനുഷ്യരുമുണ്ട്. അവർ എന്തിനുള്ള പുറപ്പാടായിരിക്കും. കൊമ്പനാനകൾ വന്നപാടെ വാരിക്കുഴിയുടെ സമീപത്ത് നിന്നിരുന്ന കാട്ടാനകളെ കുത്തിയോടിച്ചു.

പിന്നെ ആ മനുഷ്യർ വാരിക്കുഴിയുടെ വശങ്ങൾ ഇടിക്കാൻ തുടങ്ങി. അങ്ങനെ ഉണ്ടാക്കിയ ചാലിലൂടെ കൊമ്പനാനകൾ കുഞ്ഞനാനയെ കരയ്ക്കുകയറ്റി. പിന്നെ ഒരുക്കി നിർത്തിയിരുന്ന ലോറികളിൽ കുഞ്ഞനാനയെ നാട്ടിലേക്കു കൊണ്ടുപോയി.



വര: ദേവപ്രകാശ്

# ബാലസാഹിത്യകാരനായ ഗണിത ശാസ്ത്രജ്ഞൻ

പള്ളിയറ ശ്രീധരൻ

ലോകപ്രശസ്തമായ രണ്ട് ബാലസാഹിത്യകൃതികളാണ് Alice's Adventures in Wonderland, Through the Looking Glass എന്നിവ. ഈ കൃതികളുടെ കർത്താവായി അറിയപ്പെടുന്ന ലൂയിസ് കാരൾ പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻ ചാൾസ് ലുട്ട്വിഡ്ജ് ഡോഡ്സന്റെ (Charles Lutwidge Dodgson) തൂലികാനാമമാണ്. ചാൾസ് ലുട്ട്വിഡ്ജിന്റെ ലാറ്റിൻ രൂപത്തെ അൽപം വ്യതിയാനം വരുത്തി തിരിച്ചെഴുതിയാണ് ലൂയിസ് കാരൾ എന്ന പേര് നിർമിച്ചത്.

ഒരിക്കൽ ഇംഗ്ലണ്ടിലെ രാജ്ഞി ആലിസ് ഇൻ വണ്ടർലാന്റ് വായിക്കാനിടയായി. പുസ്തകം രാജ്ഞിക്ക് വളരെ ഇഷ്ടപ്പെട്ടു. ലൂയിസ് കാരലിനെ കണ്ടപ്പോൾ അടുത്ത പുസ്തകം തനിക്ക് വേണമെന്ന് ആവശ്യപ്പെട്ടു. താമസിയാതെ രാജ്ഞിക്ക് ലൂയിസ് കാരൾ കൊടുത്തത് ഒരു വലിയ ഗമണ്ടൻ ഗണിതശാസ്ത്രപുസ്തകമായിരുന്നു.

ഇംഗ്ലണ്ടിൽ 1832 ജനുവരി 27ന് ഓക്സ്ഫോർഡിലെ ഗണിത ശാസ്ത്രാധ്യാപകനായിരുന്ന റവറന്റ് ചാൾസ് ലുട്ട് വിഡ്ജിന്റെ മകനായി ജനിച്ചു. മൂന്ന് ആൺമക്കളിൽ മൂത്തയാളായിരുന്നു ചാൾസ്. അദ്ദേഹത്തിന് മൂത്ത രണ്ട് സഹോദരിമാരുണ്ടായിരുന്നു. 1846ൽ റഗ്ബൈ സ്കൂളിൽ ചേർന്നു. 1849വരെ അവിടെ പഠിച്ചു. തുടർന്ന് ഓക്സ്ഫോർഡ് സർവകലാശാലയിൽ ചേർന്നു. സ്കോളർഷിപ്പ് നേടിക്കൊണ്ടാണ് പഠനം തുടർന്നത്. 1852ൽ ഗണിതശാസ്ത്രത്തിൽ ബിരുദം നേടി.

1855വരെ വിദ്യാർഥികൾക്ക് ട്യൂഷൻ നൽകിയാണ് ജീവിച്ചത്. 1855 ഫെബ്രുവരിയിൽ ക്രൈസ്റ്റ് ദേവാലയത്തിൽ സഹലൈബ്രേറിയനായി ജോലി കിട്ടി. 1881വരെ ഗണിതശാസ്ത്രാധ്യാപകനായി ജോലി ചെയ്തു. ഇക്കാലത്ത് അദ്ദേഹം ധാരാളം ഗണിതശാസ്ത്രഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ചില പ്രധാന ഗണിതശാസ്ത്ര ഗ്രന്ഥങ്ങൾ താഴെ കൊടുക്കുന്നു. A Syllabus of Plane Algebraic Geometry (1860), Two Books of Euclid (1860), The Formulae of Plane Trigonometry (1861), Condensation of Determinants (1866), Elementary Treatise on Determinants (1867), Examples in Arithmatic (1874), Euclid and His Modern Rivals (1879), Curiosa Mathematica Part I, A New Theory of Parallels(1688), Part II: Pillow problems thought out during sleepless Nights (1893). തന്റെ എതിരാളികളായ ആധുനിക ഗണിതശാസ്ത്രജ്ഞന്മാരെ നേരിടാൻ യൂക്ലിഡ് പ്രേതമായി വരുന്ന ഒരു നാടകമായിട്ടാണ് Euclid and His Modern Rivals രചിച്ചിട്ടുള്ളത്. ന്യായശാസ്ത്ര (Logic) ത്തെ ഗണിതശാസ്ത്രവുമായി ബന്ധപ്പെടുത്തി The Game of Logic (1887), Symbolic Logic (1896) എന്നീ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിരുന്നു. വെൻ ഡയഗ്രം പോലുള്ള ഒരു ചിത്രരീതി ആവിഷ്കരിച്ചിരുന്നു. പക്ഷെ പ്രചാരം നേടിയില്ല. ഗണിതശാസ്ത്രജ്ഞൻ എന്നതിനേക്കാളേറെ ബാലസാഹിത്യകാരനായാണ് ഇദ്ദേഹം അറിയപ്പെടുന്നത്. അദ്ദേഹം 1898 ൽ അന്തരിച്ചു.



ലൂയിസ് കാരൾ

palliyarasreedharan@gmail.com

# ഇത് എന്റെ ടാലി

**ഹെൻറി ലോസൺ**

പുനരാഖ്യാനം

**ജി മോഹനകുമാരി**

**ഹെൻറി ലോസൺ (1867 – 1922)**

**വിഖ്യാതനായ ഓസ്ട്രേലിയൻ ചെറുകഥാകൃത്ത്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യകാലത്തെ ഓസ്ട്രേലിയൻ ജീവിതത്തിന്റെ കണ്ണാടിയാണ് അദ്ദേഹത്തിന്റെ കഥകൾ. സഹജീവികളോടും വളർത്തുമൃഗങ്ങളോടുമുള്ള സ്നേഹവും കരുതലുമാണ് ഹെൻറി ലോസൺന്റെ കഥകളുടെ മുഖമുദ്ര.**





വര: സുജിത് പി വി

ചെമ്മരിയാടിന്റെ രോമം വെട്ടിയെടുക്കുന്ന ജോലിയായിരുന്നു മെകചയറിക്ക്. ഒരുദിവസം അയാൾ അപകടത്തിൽപ്പെട്ടു. സത്യം പറഞ്ഞാൽ അതൊരു അപകടമായിരുന്നില്ല. വഴിയോരത്തെ വിശ്രമകേന്ദ്രത്തിൽ മദ്യപന്മാർ തമ്മിൽ നടന്ന അടിപിടിയായിരുന്നു. മെകചയറിയുടെ മൂന്ന് വാരിയെല്ലുകൾ തകർന്നു. തലയും പൊട്ടി. പോരാഞ്ഞ്, ദേഹമാസകലം മുറിവുകളും. അയാളുടെ സന്തതസഹചാരിയായ ടാലി എന്ന പട്ടിയും മദ്യപന്മാർ തമ്മിൽ നടന്ന ആ അടിപിടിയിൽ സജീവ പങ്കാളിയായിരുന്നു. ടാലിയുടെ ഒരു കാൽ ഒടിഞ്ഞുപോയി.

അവശനായ മെകചയറി ആടിയുലഞ്ഞ് ഏന്തിവലിച്ചു നടന്നു. പത്തു മൈൽ അകലെയുള്ള യൂണിയൻ ടൗൺ ആശുപത്രിയായിരുന്നു അയാളുടെ ലക്ഷ്യം. അയാൾ എങ്ങനെ അത്രയും ദൂരം നടന്നെത്തിയെന്ന് സത്യത്തിൽ ദൈവത്തിനു മാത്രമേ അറിയൂ. അയാൾക്കുതന്നെ അതെങ്ങനെ കഴിഞ്ഞുവെന്ന് അറിയില്ല. മൂന്നുകാലിൽ ഞൊണ്ടി ഞൊണ്ടി ടാലിയും അയാളെ പിന്തുടർന്നു.

ഡോക്ടർമാർ അയാളുടെ മുറിവുകൾ പരിശോധിച്ചു. അയാൾ എങ്ങനെ രക്ഷപ്പെട്ടു എന്ന് അവർ അത്ഭുതപ്പെട്ടു. ഡോക്ടർമാരും ചിലപ്പോൾ

അത്ഭുതപ്പെടാറുണ്ട്. എന്നാൽ അവർ എല്ലായ്പ്പോഴും അതു പുറത്തു കാണിക്കാറില്ല. തീർച്ചയായും മെക്വയറിയെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുവാൻ ഡോക്ടർമാർ തയ്യാറായി. എന്നാൽ ടാലിയെ ഉള്ളിൽ കടത്താൻ അവർ അനുവദിച്ചില്ല. ആശുപത്രിയിൽ പട്ടികളെ പ്രവേശിപ്പിച്ചിരുന്നില്ല.

“താങ്കൾ ആ പട്ടിയെ പുറത്താക്കണം.” കിടക്കയുടെ അരികത്തിരുന്ന ഡോക്ടർ മെക്വയറിയോടു പറഞ്ഞു. മെക്വയറി ഒന്നും പറഞ്ഞില്ല.

“ഇവിടെ പട്ടികൾക്കു പ്രവേശനമില്ലെടോ.” മെക്വയറി ബധിരനാണെന്നു ധരിച്ചിട്ടാകാം ഡോക്ടർ ഉച്ചത്തിൽ പറഞ്ഞു.

“എന്നാൽ അവനെ അവിടെ മുറ്റത്ത് കെട്ടിയിട്ടോളൂ.” മെക്വയറി പറഞ്ഞു.

“സാധ്യമല്ല. അതിനെ പുറത്താക്കണം. പട്ടികൾക്ക് മുറ്റത്തും പ്രവേശനമില്ല.” ഡോക്ടർ തറപ്പിച്ചു പറഞ്ഞു.

വേദന കടിച്ചമർത്തിക്കൊണ്ട് മെക്വയറി മെല്ലെ എഴുന്നേറ്റു. ഷർട്ടിന്റെ ബട്ടനുകളിട്ട് തന്റെ രോമാവൃതമായ മാറിടം മറച്ചു. പിന്നെ കിടക്കയ്ക്കരികിൽ നിന്ന് വേയ്സ്റ്റ്കോട്ട് കൈയിലെടുത്തു. തന്റെ ഭാണ്ഡക്കെട്ടിരിക്കുന്ന മൂലയിലേക്ക് വേച്ചുവേച്ചു നടന്നുനീങ്ങി.

“നിങ്ങൾ എന്തു ചെയ്യാൻ പോവ്വാ?” അവർ ചോദിച്ചു.

“എന്റെ പട്ടിയെ ഇവിടെ കേറ്റത്തില്ലല്ലോ?” മെക്വയറി ക്ഷോഭത്തോടെ ചോദിച്ചു.

“ഇല്ല, അത് നിയമവിരുദ്ധമാണ്. ഇതിനുള്ളിൽ പട്ടികളെ കടത്തത്തില്ല.” ഡോക്ടർമാർ ഉറപ്പിച്ചു പറഞ്ഞു.

മെക്വയറി കുനിഞ്ഞ് തന്റെ ഭാണ്ഡക്കെട്ട് എടുത്തു. എന്നാൽ അസഹനീയമായ വേദനകൊണ്ട് അയാൾ ഭിത്തിയിലേക്കു ചാഞ്ഞുപോയി.

“വരൂ, ഇവിടേക്കു വരൂ, വീഴാതെ.” ഡോക്ടർമാർ അക്ഷമയോടെ പറഞ്ഞു.” നിങ്ങൾക്കു ഭ്രാന്താണോ? പുറത്തുപോകാവുന്ന സ്ഥിതിയിലല്ല നിങ്ങൾ ഇപ്പോഴെന്ന് അറിയില്ലേ? ഇങ്ങു വരൂ, അറ്റൻഡർ ഉടുപ്പുമാറ്റാൻ നിങ്ങളെ സഹായിക്കും വന്നോളൂ.”

“ഇല്ല.” മെക്വയറി പറഞ്ഞു. “വേണ്ട, എന്റെ ഈ പട്ടിയെ കടത്തുന്നില്ലെങ്കിൽ പിന്നെ എന്നെയും നിങ്ങൾ നോക്കണ്ട. കണ്ടില്ലേ അവന്റെ ഒരു കാൽ ഒടിഞ്ഞിരിക്കുകയാ. അത് ശരിയാക്കണം. എന്നെ നോക്കുന്നതുപോലെ അവനെയും പരിശോധിക്കണം. ഇവിടെ കിടക്കാൻ ഞാൻ യോഗ്യനാണെങ്കിൽ തീർച്ചയായും അവനും യോഗ്യനാണ്. ഒരുപക്ഷേ എന്നേക്കാൾ കൂടുതൽ യോഗ്യനെന്നു പറയാം.” അയാൾ ഒന്നുനിർത്തി. പിന്നെ വേദനയോടെ ശ്വാസം വിട്ടുകൊണ്ട് തുടർന്നു.

“അവൻ... എന്റെ ആ വയസ്സൻ പട്ടി വിശ്വസ്തതയോടും സത്യസന്ധതയോടും കൂടി ഇത്രയും കാലം എന്നെ അനുഗമിച്ചു. ഈ നീണ്ട പന്ത്രണ്ടുവർഷങ്ങൾ... കഷ്ടപ്പാടും പട്ടിണിയും നിറഞ്ഞ ഇക്കാലമത്രയും അവന്റെ ശ്രദ്ധമുഴുവൻ എന്നിലായിരുന്നു. എന്റെ ജീവിതയാത്രയിൽ ഞാൻ പിന്നിട്ട ദുരിതം പിടിച്ച വഴികളിലുടനീളം ഞാൻ നടക്കുമ്പോഴും വീഴുമ്പോഴുമെല്ലാം താങ്ങായിരുന്നത് അവനാണ്.” ഓർമകളിലൂടെ ഒരുപാടു പുറകോട്ടു യാത്ര ചെയ്തതുപോലെ അയാളുടെ ശബ്ദം കനത്തു.

“കെട്ടുപൊട്ടി സ്ഥിരതയില്ലാത്ത എന്റെ ജീവിതത്തിലെ കയറ്റിറക്കങ്ങളിൽ എപ്പോഴും ഒപ്പമുള്ളവൻ. അപകടങ്ങളെ അതിജീവിച്ച് എന്നെ കാത്തുരക്ഷിക്കാൻ വേണ്ടി നീക്കിവെച്ച ജീവിതമാണ് അവന്റേത്.

അല്പം നിറുത്തി; അയാൾ തുടർന്നു. “അവനെ. ആ കിടക്കുന്ന പട്ടിയെ ഒരു വഴിയോരത്താണ് അവന്റെ അമ്മ പ്രസവിച്ചത്.” ഓർമകൾക്ക് ജീവസുറ്റപോലെ, പതിഞ്ഞ താളത്തിൽ വിഷാദത്തോടെ മെക്വയറി തുടർന്നു. “മാസങ്ങളോളം അവനെ ഞാൻ ചട്ടിയിലും പിന്നീട് എന്റെ ഭാണ്ഡക്കെട്ടിലും കൊണ്ടുനടന്നു. അപ്പോഴൊക്കെ അവന്റെ അമ്മ സമാധാനത്തോടെ എന്നെ പിൻതുടരുമായിരുന്നു. അവൾ ഇടയ്ക്കിടയ്ക്ക് അവനെ മണപ്പിച്ചു നോക്കും, അവന് കുഴപ്പമൊന്നുമില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്... അങ്ങനെ എത്ര വർഷങ്ങൾ അവൾ എന്നെ പിന്തുടർന്നു. അല്ല, പിന്നേം ഒരു വർഷം കൂടി, പൊടി നിറഞ്ഞ വഴിയിലൂടെ നിരങ്ങി നീങ്ങാൻ കഴിയുന്നതുവരെ അവൾ എന്റെ കൂടെ വന്നു. പിന്നീട്, അതും അവൾക്കു കഴിയാതെ വന്നപ്പോൾ ഒരുനാൾ ഈ ഞാൻ തന്നെ അവളെ കൊന്നുകളഞ്ഞു. കാരണം, അവളെ ജീവനോടെ വഴിയിൽ ഉപേക്ഷിച്ചു പോരാൻ എനിക്കു കഴിയില്ലായിരുന്നു.” ദീർഘശ്വാസം വിട്ട് അയാൾ

**വേദന കടിച്ചമർത്തിക്കൊണ്ട് മെക്വയറി മെല്ലെ എഴുന്നേറ്റു. ഷർട്ടിന്റെ ബട്ടനുകളിട്ട് തന്റെ രോമാവൃതമായ മാറിടം മറച്ചു. പിന്നെ കിടക്കയ്ക്കരികിൽ നിന്ന് വേസ്റ്റ്കോട്ട് കൈയിലെടുത്തു. തന്റെ ഭാണ്ഡക്കെട്ടിരിക്കുന്ന മൂലയിലേക്ക് വേച്ചുവേച്ചു നടന്നുനീങ്ങി.**

അൽപ്പനേരം നിശ്ശബ്ദനായി. ഓർമകൾ അയവിറക്കുന്ന പോലെ.

''ഈ വയസ്സൻ പട്ടിയാണെങ്കിൽ'' തന്റെ ചുരുട്ടിയ കൈത്തലംകൊണ്ട് ടാലിയുടെ മൂക്കു തടവി അയാൾ തുടർന്നു. ''ഈ വയസ്സൻ പട്ടി നീണ്ട പത്തു വർഷക്കാലമായി എന്റെ ഒപ്പമുണ്ട്. വരൾച്ചയിലും വെള്ളപ്പൊക്കത്തിലും നല്ല കാലത്തും ദുരിതകാലത്തും; കൂടുതലും ദുരിതകാലം തന്നെ. പണമോ പങ്കാളിയോ ഇല്ലാത്ത എന്റെ ഒറ്റപ്പെട്ട ജീവിതയാത്രയിൽ എനിക്ക് ഭ്രാന്തുപിടിക്കാതിരുന്നത് ഇവനുള്ളതുകൊണ്ടു മാത്രമാണ്. ഞാൻ മദ്യപിച്ചും മയക്കുമരുന്നുകഴിച്ചും ശാപം പിടിച്ച വഴിയോരസങ്കേതങ്ങളിൽ ബോധംകെട്ടു കിടന്നപ്പോഴൊക്കെ ആഴ്ചകളോളം ഇവൻ എനിക്ക് ശ്രദ്ധയോടെ കാവലിരുന്നു. ഒന്നിലേറെ തവണ ഇവൻ എന്റെ ജീവൻ രക്ഷിക്കുകയും ചെയ്തു. എന്നാൽ അതിനെല്ലാം പകരമായി ഞാൻ കൊടുത്തത് തൊഴിയും ശാപവാക്കുകളുമാണ്. എന്നിട്ടും ഇവൻ എനിക്കു മാപ്പുതന്നു. എനിക്കുവേണ്ടി പൊരുതുകയും ചെയ്തു. ഇന്ന് ആ വഴിയോര കേന്ദ്രത്തിന്റെ പുറകിൽ വച്ച് ആ ദുഷ്ടന്മാർ എന്നെ ആക്രമിച്ചപ്പോൾ എന്റെ പക്ഷത്തുനിന്ന് എനിക്കുവേണ്ടി പോരടിച്ച ഏകജീവി ഇവനായിരുന്നു. അവരെ നേരിടുന്നതിനിടയിൽ ഇവൻ ചിലരെ കടിക്കുകയും ചെയ്തു. ഞാനും അവരെ തിരിച്ചടിച്ചു.'' അയാൾ വീണ്ടും നിറുത്തി.

പിന്നെ ദീർഘനിശ്വാസത്തോടെ വേദന കടിച്ചമർത്തി ഭാണ്ഡക്കെട്ട് തോളത്തിട്ടു കൊണ്ട് ചുറ്റും നോക്കി. പുറത്തേക്കു മെല്ലെ നടക്കാൻ തുടങ്ങി. മൂലയിൽ ചുരുണ്ടുകൂടി കിടന്നിരുന്ന പട്ടി ഞൊണ്ടി എഴുന്നേറ്റ് ചുറ്റും പകച്ചുനോക്കി.

''ഈ പട്ടിയുണ്ടല്ലോ'' ആശുപത്രി ജീവനക്കാരോട് പൊതുവിലായി മെക്വയറി പറഞ്ഞു. ''എന്നേക്കാൾ അതായത് ഞാനെന്ന ഈ മനുഷ്യനേക്കാൾ നല്ലവനാണ്. നിങ്ങളെക്കാളും നല്ലവൻ. എനിക്കു തോന്നുന്നത് ഇവൻ നമ്മളേക്കാളുമൊക്കെ നല്ല ക്രിസ്ത്യാനിയാണെന്നാണ്. എനിക്കൊരു നല്ല തുണയാണിവൻ. ഞാൻ ഒരാൾക്ക് തുണയാവുകയോ, മറ്റൊരാൾ എനിക്കു തുണയാവുകയോ ചെയ്യുന്നതിനേക്കാൾ നല്ല കൂട്ടുകാരൻ. ഇവൻ എനിക്ക് കാവലിരുന്നു, പലതവണ എന്നെ മോഷ്ടാക്കളിൽ നിന്നും രക്ഷിച്ചു. എനിക്കുവേണ്ടി പോരടിച്ച് എന്റെ ജീവൻ രക്ഷിച്ചു. ഇതിനൊക്കെ പകരമായി ഞാൻ കൊടുത്തതോ, മദ്യലഹരിയിൽ തൊഴിയും അസഭ്യവർഷവും. എന്നിട്ടും ഇവൻ എനിക്കു മാപ്പുതന്നു. എനിക്ക് ഇവൻ സത്യസന്ധനും വിശ്വസ്തനും കപടതയില്ലാത്തവനുമായ ചങ്ങാതിയാണ്. ഇപ്പോൾ ഇവനെ ഉപേക്ഷിക്കാൻ എനിക്കു കഴിയില്ല. ഒടിഞ്ഞ കാലുമായി ഇവനെ വഴിയിൽ ഇട്ടേച്ചു പോകാൻ വയ്യ എനിക്ക് – ഹൊ! ദൈവമേ! എന്റെ മുതുക്...'' വേദനകൊണ്ടു പുളഞ്ഞ അയാൾ ബോധംകെട്ടു വീഴാൻ പോയി. ആശുപത്രി ജീവനക്കാർ അയാളെ താങ്ങി. തോളത്തുനിന്ന് ഭാണ്ഡക്കെട്ട് എടുത്തുമാറ്റി അവർ അയാളെ കിടക്കയിൽ കിടത്തി. അരമണിക്കൂർക്കൊണ്ട് ഡോക്ടർ അയാളുടെ മുറിവുകൾ തുന്നിക്കെട്ടി. മരുന്നു വച്ചു. ബോധം തെളിഞ്ഞപ്പോൾ മെക്വയറി ആദ്യം തിരക്കിയത് ടാലിയെയാണ്.

''എന്റെ പട്ടി എവിടെ?'' അയാൾ ആകാംക്ഷപ്പെട്ടു. ഇതു കേട്ട നഴ്സ് നേരിയ ശുണ്ഠിയോടെ പറഞ്ഞു. ''ഹൊ! നിങ്ങളുടെ പട്ടിക്ക് ഒരു കുഴപ്പവുമില്ലെന്നെ. അവിടേക്കു നോക്കൂ. ഡോക്ടർ അവന്റെ കാല് നേരെ വെച്ചുകെട്ടിക്കൊണ്ടിരിക്കുകയാണ്.''



# ചങ്ങാതിപ്പാട്ട്

ഡോ. ഗീതാകാവാലം



വര:സുജിത് പി.വി

മഴപെയ്യുന്നുണ്ടേ
വെയിലുവരുന്നുണ്ടേ
കുറുക്കന്റേം കുറുക്കത്തീടേം
കല്യാണമാണേ*
ഇടിമിന്നൽ താളോംമേളോം
വാനിൽക്കൊട്ടുന്നേ
പൂത്തുമ്പികൾ തിരുമുറ്റത്ത്
നൃത്തം വയ്ക്കുന്നേ
വരിവണ്ടുകൾ പാട്ടുംപാടി
ക്കൂടെപ്പോകുന്നേ
വെയിലത്തീമഴനൃത്തം
നമ്മൾക്കുല്ലാസം
തകതിമിതകതിമിതോം
തകതിമിതകതിമിതോം
തകതിമിതകതിമിതോം-തെയ്യത്താ...

ചങ്ങാതീ പോരു നീയും
കല്യാണം കൂടാൻ
തുമ്പത്തളിരിലയിട്ട്
സദ്യവിളമ്പാം ഞാൻ
ഉപ്പേരിപപ്പടവും
പായസോമുണ്ടല്ലോ
നൂറ്റൊന്നു കറിയും കൂട്ടീ-
ട്ടുണ്ടു രസിക്കാമേ

അടിപിടിമേളം!
തരികിടതാളം!
അടിപിടിമേളം തരികിടതാളം
കണ്ടുരസിക്കാമേ
മൂന്നും കൂട്ടി മുറുക്കിപ്പോരാമേ
പോരൂ വേഗം നീ
പോരൂ വേഗം നീ
തകതിമിതകതിമിതോം-തെയ്യത്താ...

*മഴയും വെയിലും ഒന്നിച്ചു വരുന്നത് കുറുക്കന്റെ കല്യാണമെന്ന് സങ്കല്പം.*

# ഗുരുദേവൻ


അജിതാ രാകേഷ്

ചന്ദനം മണക്കുന്ന പുണ്യ
മായ്ക്കുളിർക്കാറ്റിൻ
ചുണ്ടുകൾ മന്ത്രിക്കുന്നു
ശ്രീനാരായണമന്ത്രം...
വീണ്ടുമെത്തുന്നു തങ്ക
ത്തേരിലാത്തിരുവോണ
ത്തമ്പുരാനൊപ്പം സൂര്യ
ജന്മവും സൂക്തങ്ങളും...
ചെമ്പഴന്തിയിൽ പൂത്ത
പൂമണം നവോത്ഥാന
സുന്ദര സംഗീതമായ്
പടരും മഹാകാലം.
പ്ലാവിലക്കുമ്പിൾ, കോരി
ക്കുടിക്കും കിണ്ണത്തിലി
ട്ടാവിലമനസ്സുമായ്
വെയിലത്തിറങ്ങിയോൻ,
അന്ധവിശ്വാസങ്ങൾ തൻ
അന്ധകാരങ്ങൾ ചുട്ട
ബന്ധുര ദീപം തന്നോൻ
സന്തതാനന്ദം തീർത്തോൻ

ജാതിഭേദത്തിൻ മണ്ണി
ലിഴയും ജന്മങ്ങൾ തൻ
നീതിയോതിയും കണ്ണീ
രഗ്നിയായ്ത്തെളിച്ചവൻ...
നിർന്നിമേഷമായന്നു
നാലുദിക്കുകൾ നിന്നു
നീലവാനവും സാക്ഷി
യരുവിക്കര തന്നിൽ
ശിലയൊന്നദ്വൈതത്തിൻ
പാറയിൽ പ്രതിഷ്ഠിച്ചു
നില വിട്ടിളം കാറ്റി
ലൊഴുകീ മഹാമന്ത്രം...

അഴകില്ലെന്നാകിലു
മക്ഷരം മുഴങ്ങുന്നു
ണ്ടിവിടെ സംസ്കാരത്തിൻ
പുത്തനാംശംഖധ്വനി.
‘ജാതിഭേദം മതദ്വേഷ
മേതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്’
പാലായ് പലതര പോഷണമായി...
വയറുനിറപ്പൂ ഞങ്ങൾ...

തിരികെയൊരിത്തിരി കനിവും സ്നേഹം,
കരുണയുമുണ്ടെന്നാകിൽ...
ഒരുമിച്ചൊരു പുതു നിറവായ്ത്തീരാം...
ഉലകിൽ സ്വർഗം തീർക്കാം...



വര: സന്തോഷ് വെളിയന്നൂർ

# പരീക്ഷയിൽ ജയിക്കാം – പഠനത്തോടൊപ്പം. ഇവ കൂടി ശ്രദ്ധിക്കുക

ഡോ. ബി പത്മകുമാർ



വര: ടി ആർ രാജേഷ്

പരീക്ഷക്കാലയാൽ കൂട്ടുകാരെല്ലാം രാത്രി പകലാക്കി പഠിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒറ്റയ്ക്കിരുന്ന് പഠിക്കുന്നവരുണ്ട്. ചെറിയ കുറിപ്പുകൾ തയ്യാറാക്കി പഠിക്കുന്നവരുണ്ട്. കൂട്ടുകാരുമൊത്ത് ഒരുമിച്ചിരുന്ന് കംബൈൻഡ് സ്റ്റഡി നടത്തുന്നവരുണ്ട്. പരീക്ഷയിൽ ഉന്നതവിജയം നേടാൻ നന്നായി പഠിച്ചാൽ മാത്രം പോര. ഉന്മേഷത്തോടെ നല്ല ഭക്ഷണം കഴിക്കണം. ആവശ്യത്തിന് വെള്ളം കുടിക്കണം, ആവശ്യത്തിന് ഉറങ്ങണം. ഇടയ്ക്ക് അല്പനേരം റിലാക്സ് ചെയ്യുകയും വേണം.

പഠിക്കാനിരിക്കുമ്പോൾ തന്നെ ക്ഷീണമനുഭവപ്പെടുന്നവരുണ്ട്. ഭക്ഷണത്തിലെ അപാകതയും പോഷകാഹാര കുറവുമാണിതിന് കാരണം. പരീക്ഷാക്കാലത്ത് ഭക്ഷണത്തിൽ ഇലക്കറികൾ, പഴവർഗങ്ങൾ തുടങ്ങിയവ ധാരാളമായി ഉൾപ്പെടുത്തണം. ബ്രേക്ക് ഫാസ്റ്റ് നന്നായി കഴിക്കണം. ഒപ്പം എന്തെങ്കിലും ഫ്രൂട്ട്സ് നിർബന്ധമായും കഴിക്കണം. വിളർച്ച ക്ഷീണവും തളർച്ചയുമുണ്ടാക്കും. ഈന്തപ്പഴം, ഉണക്കമുന്തിരി, തണ്ണിമത്തൻ, ശർക്കര തുടങ്ങിയവയിലൊക്കെ വിളർച്ചയകറ്റാനുള്ള ഇരുമ്പടങ്ങിയിട്ടുണ്ട്.

പരീക്ഷാക്കാലത്ത് ഫാസ്റ്റ് ഫുഡ് വിഭവങ്ങൾ, ജങ്ക് ഫുഡ്, ബേക്കറിസാധനങ്ങൾ എന്നിവ ഒഴിവാക്കണം. ഇവയിലടങ്ങിയിരിക്കുന്ന പല ചേരുവകളും തലച്ചോറിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കും. പരീക്ഷാക്കാലത്ത് മത്സ്യം നന്നായി കഴിക്കണം. മത്സ്യത്തിലടങ്ങിയിരിക്കുന്ന ഒമേഗ-3-ഫാറ്റി ആസിഡുകൾ തലച്ചോറിന്റെ ഉന്മേഷത്തിനും ഉണർവിനും ഓർമശക്തി വർധിപ്പിക്കാനും സഹായിക്കും. അതുകൊണ്ടാണ് മത്സ്യത്തെ ബ്രെയിൻഫുഡ് എന്ന് വിളിക്കുന്നത്. മത്സ്യം വറുത്തു കഴിക്കുന്നതിലും നല്ലത് കറിവച്ച് കഴിക്കുന്നതാണ്.

നമ്മുടെ പരീക്ഷാക്കാലം വേനൽക്കാലമാണ്. അമിത ചൂടിനെ തുടർന്ന് ശരീരം വിയർക്കു

ന്നതിലൂടെ രക്തത്തിലെ സോഡിയം ഉൾപ്പെടെയുള്ള ലവണങ്ങളും ജലാംശവുമൊക്കെ നഷ്ടപ്പെടാനിടയുണ്ട്. ഇത് ക്ഷീണമുണ്ടാക്കും. പരീക്ഷാക്കാലങ്ങളിൽ നന്നായി വെള്ളം കുടിക്കണം. ദിവസവും 8 ഗ്ലാസ് വെള്ളമെങ്കിലും കുടിക്കണം. ഓരോ മണിക്കൂറിലും അര ഗ്ലാസ് വെള്ളം വീതം കുടിക്കുന്നതാണ് നല്ലത്. കോള, സോഫ്റ്റ് ഡ്രിങ്ക്സ് തുടങ്ങിയവ ഒഴിവാക്കി ഉപ്പു ചേർത്ത നാരങ്ങാവെള്ളം, കരിക്കിൻ വെള്ളം, കഞ്ഞിവെള്ളം, പഴച്ചാറ് തുടങ്ങിയവ കുടിക്കാം. ശുദ്ധജലവും നിർജലീകരണം ഒഴിവാക്കാൻ നല്ലതാണ്.

പഠിക്കാൻ പറ്റിയ ഏറ്റവും നല്ല സമയം ഏതാണ്? പലരുടെയും ചോദ്യമാണിത്. പൊതുവെ വെളുപ്പാൻ കാലമാണ് നല്ലതെന്ന് പറയാറുണ്ടെങ്കിലും പഠനസമയം എന്നത് ഓരോ കുട്ടിയുടെയും പ്രത്യേകതകളെ ആശ്രയിച്ചാണിരിക്കുന്നത്. ചില കുട്ടികൾ വൈകി കിടക്കുകയും രാവിലെ താമസിച്ച് എഴുന്നേൽക്കുകയും ചെയ്യുന്നവരാണ്. ചിലരാകട്ടെ നേരത്തെ ഉറങ്ങി അതിരാവിലെ എഴുന്നേൽക്കാൻ താത്പര്യമുള്ളവരാണ്. ഓരോ കുട്ടിയുടെയും താത്പര്യവും പ്രത്യേകതകളും മനസ്സിലാക്കി പഠനങ്ങൾ ക്രമീകരിക്കുന്നതായിരിക്കും നല്ലത്.

പരീക്ഷാക്കാലങ്ങളിൽ 6 മുതൽ 8 മണിക്കൂർവരെ ഉറങ്ങാൻ മറക്കരുത്. ഉന്മേഷത്തോടെയിരുന്ന് പഠിക്കാനും പഠിച്ച കാര്യങ്ങൾ ഓർത്തെടുക്കാനും സുഖസുഷുപ്തിയിലൂടെ തലച്ചോറിന് ലഭിച്ച വിശ്രമം സഹായിക്കുന്നു. പരീക്ഷയുടെ തലേന്ന് ഉറക്കമിളച്ചിരുന്ന് പഠിക്കരുത്. നേരത്തെ തന്നെ കിടന്നുറങ്ങി ഉന്മേഷത്തോടെ പരീക്ഷാഹാളിലേക്ക് പോകാനാണ് ശ്രദ്ധിക്കേണ്ടത്.





**പഠനച്ചൂടിനിടയിൽ ആവശ്യത്തിന് റിലാക്സ് ചെയ്യാനും സമയം കണ്ടെത്തണം. ഒന്ന് രണ്ടു മണിക്കൂർ പഠിച്ചു കഴിയുമ്പോൾ പുറത്തിറങ്ങി അല്പനേരം നടക്കുകയോ അല്പനേരം പാട്ടു കേൾക്കുകയോ ടിവി കാണുകയോ പത്രം വായിക്കുകയോ ഒക്കെയാവാം.**

പഠനച്ചൂടിനിടയിൽ ആവശ്യത്തിന് റിലാക്സ് ചെയ്യാനും സമയം കണ്ടെത്തണം. ഒന്ന് രണ്ടു മണിക്കൂർ പഠിച്ചു കഴിയുമ്പോൾ പുറത്തിറങ്ങി അല്പനേരം നടക്കുകയോ അല്പനേരം പാട്ടു കേൾക്കുകയോ ടിവി കാണുകയോ പത്രം വായിക്കുകയോ ഒക്കെയാവാം. ശരീര ശുചിത്വത്തിനും പ്രാധാന്യം നൽകണം. കുളിക്കാതെയും നനക്കാതെയുമൊക്കെയിരുന്ന് പഠിക്കരുത്. ദിവസവും രാവിലെ കുളിക്കുകയും വൈകുന്നേരം മേൽ കഴുകുകയും വേണം.

ഇനി പഠിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ടെൻഷനുണ്ടാവുകയോ പേടി തോന്നുകയോ ചെയ്താൽ മനസ്സിന്റെ പിരിമുറുക്കം മാറാൻ ഒരു പൊടിക്കൈ പറഞ്ഞുതരാം. നിവർന്നിരുന്ന് കൈകൾ മടിയിൽ വച്ച് കണ്ണുകളടച്ച് അഞ്ചു തവണ ശ്വാസം ദീർഘമായി ഉള്ളിലേക്കെടുത്ത് പുറത്തേക്ക് വിടുക. ഓരോ തവണ ശ്വാസോച്ഛ്വാസം ചെയ്യുമ്പോഴും ശ്വാസത്തിൽതന്നെയായിരിക്കണം ശ്രദ്ധിക്കേണ്ടത്. എന്നിട്ട് പാദം മുതൽ ശിരസ്സുവരെയുള്ള ഭാഗങ്ങൾ ക്രമമായി അയവുള്ളതാക്കുക. ഇനി പതുക്കെ കണ്ണുതുറക്കുക. ടെൻഷൻ പമ്പ കടക്കും. നന്നായി പഠിക്കുക. ഉന്നത വിജയം ഉറപ്പ്!

# ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച - 3

ചിത്രീകരണം: വെങ്കി

മിസ്റ്റർ ഫിറ്റ്സ് വാറനേയും പൂച്ചക്കുട്ടിയേയും കൂടാതെ ആ വീട്ടിൽ ഡിക്കിനോട് സ്നേഹമായി പെരുമാറുന്ന മറ്റൊരാൾ കൂടി ഉണ്ടായിരുന്നു. ഫിറ്റ്സ്വാറന്റെ മകൾ ആലീസ്.




ഒരു ദിവസം-




ഫിറ്റ്സ്വാറൻ തന്റെ ക്ലർക്കിനെ വിളിച്ചു-



ഡിക് പഠിക്കാൻ മിടുക്കനായിരുന്നു-




അങ്ങനെയിരിക്കെ-




ഇവിടുത്തെ പതിവ് അനുസരിച്ച് കുടുംബത്തിലെ എല്ലാവർക്കും അവരവരുടെ പക്കലുള്ള കച്ചവടം ചെയ്യാൻ പറ്റുന്ന എന്തും കപ്പലിൽ സൗജന്യമായി കൊടുത്തുവിടാം.







37


ഡിക് വിഷമത്തിലായി.




കപ്പൽ പുറപ്പെടുന്ന ദിവസം ഡിക്ക് ഒളിച്ചിരിക്കാൻ തീരുമാനിച്ചു.



പക്ഷെ,




ഡിക് മുന്നോട്ടു വന്നു.











ഡിക്കിന് തന്റെ പൂച്ചക്കുട്ടിയെ പിരിയാൻ ഒട്ടും ഇഷ്ടമുണ്ടായിരുന്നില്ല. എന്നാൽ കൊച്ചെജമാനത്തിയുടെ നിർദേശം തള്ളിക്കളയാനും അവനാകുമായിരുന്നില്ല. ഒടുവിൽ...



കഥ

# പറക്കും വീരൻ

പി കെ സുധി

ഫ്ളാറ്റിലെ മൂന്നാം നില. ചന്ദൻ ജനാലയിലൂടെ പുറത്തു നോക്കി നിന്നു. അവന്റെയടുത്ത് അമ്മയുമുണ്ട്. പുറത്തുള്ള പൂമരത്തിൽ നിന്നൊരു തവള ഉള്ളിലേക്ക് പാറിവന്നു. ചന്ദൻ ഞെട്ടിമാറി.

''മാക്രിയാണ് മോനേ.. ഒരു തവളയെ കണ്ടിട്ട് നാളെത്രയായി.'' അങ്ങനെ പറഞ്ഞ് അമ്മയവനെ ചേർത്തുപിടിച്ചു.

''എന്നെ മരമാക്രിയെന്നു വിളിച്ച് കളിയാക്കല്ലേ. നല്ല അന്തസ്സുള്ള പേരെനിക്കുണ്ട്. റാക്കോഫോറസ്. ഫ്ളയിംഗ് ഫ്രോഗ്. പറക്കുന്ന തവള. കുഞ്ഞിനെന്നെ റാക്കോ എന്നു വിളിക്കാം.''



വര: സചീന്ദ്രൻ കാറഡ്ക്ക

മേശപ്പുറത്ത് കുന്തിച്ചാടിയിരുന്ന അവനെക്കണ്ട് ചന്ദനൊപ്പം അമ്മയുടെ കണ്ണുകളും തള്ളിപ്പോയി.

അമ്മയും മകനും വിരണ്ടുപോയതു കണ്ട് പറക്കുംതവള പറഞ്ഞു.

''ദേ. മരത്തിലാണ് എന്റെ താമസം. ഞങ്ങൾ വലിയ ഫാമിലിയാ. അങ്ങ് താഴെ മണ്ണിലും കുളത്തിലും അരുവികളിലുമൊക്കെയായി ആയിരക്കണക്കിനു കുടുംബക്കാർ ഞങ്ങൾക്കുണ്ട്. ഉപ്പുവെള്ളം ഞങ്ങൾക്ക് പിടിക്കത്തില്ല. അതുകൊണ്ട് കടലിൽ ബന്ധക്കാരും സ്വന്തക്കാരുമില്ല. പിന്നെ നമ്മളും ചാർച്ചക്കാരാ. നിങ്ങളെപ്പോലെ ഞങ്ങൾക്കും നട്ടെല്ലുണ്ട്. നമ്മള് നട്ടെല്ലുജീവിവംശമാ.''

റാക്കോച്ചേട്ടന്റെ വാക്കുകൾ കേട്ടതോടെ ചന്ദന് മുതുകിൽ തടവി നോക്കാതിരിക്കാനായില്ല. ഓ. റാക്കോക്ക് തലയും ഉടലും കൈകാലുകളുമുണ്ടല്ലോ. പിന്നെ കണ്ണ്, വായ.. ചെവികാണാനില്ല.

തവള ഗോട്ടിക്കണ്ണുകൾ ഉരുട്ടിക്കാണിച്ചു. ആ പ്രകടനം ചന്ദനു നല്ലിഷ്ടമായി.

''ഞങ്ങളാണീ മണ്ണിലെ ആദ്യതാമസക്കാർ. നിങ്ങൾ മനുഷ്യന്മാർ ഉണ്ടാകുന്നതിനു കോടാനുകോടിവർഷങ്ങൾക്കു മുമ്പാണ് ഞങ്ങൾ മത്സ്യങ്ങളിൽ നിന്നും പരിണമിച്ചുണ്ടായത്. കരയിലെ വായു ശ്വസിക്കുന്നത് ശ്വാസകോശംകൊണ്ടാണേ!.'' വായു ഉള്ളിലേക്ക് വലിച്ച് റാക്കോ നെഞ്ചുയർത്തിയത് ചന്ദൻ ശ്രദ്ധിച്ചു.

''എന്റെ തൊലിയിലേക്ക് നോക്കിയാട്ടേ.''

റാക്കോ അങ്ങനെ പറയുന്നതിനു മുമ്പു തന്നെ അവൻ തവളയുടെ പട്ടുകുപ്പായത്തിൽ കണ്ണുവച്ചിട്ടുണ്ടായിരുന്നു. തവളക്കുട്ടനെയൊന്നു തൊടാൻ വിരൽ നീട്ടിയതും റാക്കോ ചാടിക്കളഞ്ഞു. തൊടാൻ സമ്മതിച്ചില്ല. ബന്ധക്കാരും സ്വന്തക്കാരും പരിചയക്കാരനുമെന്നൊക്ക പറഞ്ഞിട്ടെന്തുകാര്യം? അവനിച്ഛാഭംഗമുണ്ടായി.

''പിന്നെ ഞങ്ങളെ മുക്കിക്കൊല്ലാൻ പറ്റത്തില്ല. വെള്ളത്തിലായിരിക്കുമ്പോൾ ഈ തൊലി കൊണ്ട് ശ്വസിച്ചുകളയും. ഇങ്ങനെ കരയിലും വെള്ളത്തിലും താമസിക്കുന്നതുകൊണ്ട് ഞങ്ങളെ ഉഭയജീവികൾ എന്നുവിളിക്കുന്നു.

വെള്ളത്തിലാണേ ഞങ്ങളുടെ കൂട്ടർ മുട്ടയിടുന്നത്. ഓ. കൊച്ചുങ്ങളെ വാൽമാക്രിയെന്നു വിളിക്കും. തവളപ്പൊട്ടന്മാർക്ക് വാലൊക്കെയുണ്ട്. അവരേതാണ്ട് ഞങ്ങളുടെ മുൻഗാമികളായ മീനുകളെപ്പോലെയാണ്.''

''ഞാൻ പെറ്റകാലം മീൻപെറ്റപോലെ. വാലറ്റകാലം ഞാൻ പെറ്റപോലെ.'' അമ്മയങ്ങനെ പാടി. ''ഞങ്ങളൊക്കെ ഈ വാൽമാക്രിക്കുഞ്ഞുങ്ങളെ കുപ്പിയിലാക്കി സ്കൂളിൽ കൊണ്ടുപോയിട്ടുണ്ട്.'' അമ്മയവനെ സ്നേഹപൂർവം തലോടിക്കൊണ്ടു പറഞ്ഞു.

''ക്രൂരേ!'' റാക്കോ അമ്മയെ തറപ്പിച്ച് നോക്കിയിട്ട് പറഞ്ഞു തുടങ്ങി:

''ആയിരത്തിതൊള്ളായിരത്തി എൺപതുകൾക്ക് ശേഷം ഞങ്ങളുടെ വംശം വലിയ നാശഭീഷണി നേരിടുകയാണ്. ഭൂമിയിൽ നിന്നും നൂറ്റിയിരുപത് ജാതി തവളകളാണ് മൺമറഞ്ഞത്. അതിനു കാരണക്കാർ കുറെയൊക്കെ മനുഷ്യരുമാണ്.''

''അതു പോട്ടെ. എന്റെ വിരൽ കണ്ടോ.''

അവന്റെ കൈവിരലകളുടെ അറ്റം വീർത്തിരിക്കുന്നത് ചന്ദൻ ശ്രദ്ധിച്ചു.

''ഞങ്ങൾ മരത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നത് ഈ വിരലുകൾ കൊണ്ടാണ്. തവളകൾ നല്ല പാട്ടുകരാണ്. ഈ ഭൂമിയിലെ ആദ്യഗായകർ. കുടുംബത്തിൽ ചില സ്പോർട്സ് താരങ്ങളുണ്ടേ. ആസ്ട്രേലിയൻ റോക്കറ്റ് തവളച്ചേട്ടന്മാർ ശരീരനീളത്തിന്റെ അമ്പതിരട്ടി ദൂരത്തിലേക്ക് ഒറ്റച്ചാട്ടം നടത്തി റെക്കോഡിട്ടവരാണ്. പിന്നെ കണ്ണാടിപോലെ ഉള്ളിലെല്ലാം പുറത്തുകാണിക്കുന്ന ഗ്ലാസ്സ് ഫ്രോഗ്. ഒരടി നീളമുള്ള ഭീമൻ ഗോലിയാത്ത് മാമന്മാർ, പുലിത്തവള, കാളത്തവള, സ്വർണത്തവള, മണവാട്ടിത്തവള. അങ്ങനെ തവളപ്പെരുമകൾ തീരുന്നതല്ല.!

നിങ്ങൾ മനുഷ്യർക്ക് ഞങ്ങളെക്കൊണ്ട് ധാരാളം ഉപയോഗങ്ങളുണ്ട്. അതൊക്കെ പറയാൻ തുടങ്ങിയാൽ..''

''നാലുകാലുള്ള നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടോണ്ട് പോയി.''

അമ്മയങ്ങനെ മൂളി. അതു കേട്ട റാക്കോ നാണിച്ച് പുറത്തേക്ക് പറന്നുപോയി.

**"ദേ. മരത്തിലാണ് എന്റെ താമസം. ഞങ്ങൾ വലിയ ഫാമിലിയാ. അങ്ങ് താഴെ മണ്ണിലും കുളത്തിലും അരുവികളിലുമൊക്കെയായി ആയിരക്കണക്കിനു കുടുംബക്കാർ ഞങ്ങൾക്കുണ്ട്. ഉപ്പുവെള്ളം ഞങ്ങൾക്ക് പിടിക്കത്തില്ല. അതുകൊണ്ട് കടലിൽ ബന്ധക്കാരും സ്വന്തക്കാരുമില്ല. പിന്നെ നമ്മളും ചാർച്ചക്കാരാ. നിങ്ങളെപ്പോലെ ഞങ്ങൾക്കും നട്ടെല്ലുണ്ട്. നമ്മള് നട്ടെല്ലുജീവിവംശമാ."**

# ഫ്രാൻസിസ്കൊ പെട്രാർക്ക്: നവോത്ഥാനത്തിന്റെ പിതാവ്

കെ പി ലക്ഷ്മണൻ

മതമേധാവിത്തം കൊടികുത്തിവാണിരുന്ന ഇരുണ്ട യുഗത്തിൽ മനുഷ്യന്റെ കഴിവുകളെയും ബുദ്ധിശക്തിയേയും കുറിച്ച് ചിന്തിക്കുകയും എഴുതുകയും ചെയ്ത പ്രതിഭാശാലിയാണ് ഫ്രാൻസിസ്കൊ പെട്രാർക്ക്. മനുഷ്യനിലുള്ള അഗാധമായ വിശ്വാസം ഉയർത്തിപ്പിടിച്ചതുകൊണ്ട് ഹ്യുമനിസത്തിന്റെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

അടുത്തകാലത്തായി നവോത്ഥാനമെന്ന വാക്ക് കൂട്ടുകാർ ധാരാളമായി കേൾക്കുന്നുണ്ടല്ലോ? പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ സംഭവിച്ച വൈജ്ഞാനിക മുന്നേറ്റത്തെ സൂചിപ്പിക്കുന്നതിനാണ് സാധാരണയായി നവോത്ഥാനമെന്ന വാക്ക് ഉപയോഗിക്കുന്നത്.

ഇരുണ്ടയുഗമെന്ന് വിളിക്കുന്ന മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ മതത്തിന്റെ ആധിപത്യമാണ് നിലനിന്നിരുന്നത്. മനുഷ്യന് യാതൊരു മൂല്യവും കൽപ്പിക്കാത്ത ആ കാലഘട്ടത്തിൽ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കുകപോലും അസാധ്യമായിരുന്നു.

മത പുരോഹിതൻമാരും പ്രഭുക്കന്മാരും രാജാക്കന്മാരും ചേർന്ന് സമ്പത്ത് മുഴുവൻ കൈയടിക്കുകയും സുഖലോലുപരായി ജീവിതം നയിക്കുകയും ചെയ്തു. സാധാരണമനുഷ്യരും തൊഴിലാളികളും അടിമകളെപ്പോലെ ജീവിച്ചു. മത ചിന്തകളിൽ നിന്ന് വ്യതിചലിക്കുന്നവരെയും സ്വതന്ത്ര വിജ്ഞാന അന്വേഷണം നടത്തുന്നവരേയും 'മതദ്രോഹവിചാരണ' പോലുള്ള ക്രൂരമായ ശിക്ഷാവിധികൾക്ക് വിധേയരാക്കി.

ഭരണാധികാരികളും അവരുടെ ആശ്രിതന്മാരും സുഖങ്ങൾ കൊയ്തുകൂട്ടിയപ്പോൾ സാധാരണ ജനങ്ങൾ അജ്ഞതയിലും ദാരിദ്ര്യത്തിലും കഴിഞ്ഞുകൂടി.

ഈ കാലഘട്ടത്തിലാണ് ഫ്രാൻസിസ്കൊ



ഫ്രാൻസിസ്കൊ പെട്രാർക്ക്

പെട്രാർക്ക് മനുഷ്യന്റെ കഴിവുകളെയും ബുദ്ധിശക്തിയേയും കുറിച്ച് എഴുത്തുകളിലൂടെയും ചിന്തകളിലൂടെയും ജനങ്ങളെ ഉദ്ബോധിപ്പിച്ചത്.

പെട്രാർക്ക് ഒരു യാത്രാപ്രിയനായിരുന്നു. പുരാതന ഗ്രീസിലും റോമൻ സംസ്കാരങ്ങളിലും നിലനിന്നിരുന്ന ചിന്തകളും വിശ്വാസങ്ങളും ജീവിതരീതികളും പെട്രാർക്ക് അന്വേഷണത്തിലൂടെ മനസ്സിലാക്കി. പെട്രാർക്ക് നടത്തിയ ഓരോ യാത്രയിലും ആ പ്രദേശത്തെ പൗരാണികമായ രേഖകൾ പഠിക്കുന്നതിന് ശ്രമിച്ചു.

ബി സി 63 ൽ ജീവിച്ചിരുന്ന റോമൻ ഭരണതന്ത്രജ്ഞനും നിയമ വിദഗ്ധനുമായ മാർക്വിസ് സിസറോയുടെ അപ്രകാശിത എഴുത്തുകൾ കണ്ടെത്തിയത് പെട്രാർക്കിന്റെ ചിന്തകൾക്ക് തെളിച്ചമേകി. ഗ്രീക്ക് ചിന്ത റോമാക്കാർക്ക് പരിചയപ്പെടുത്തിയത് സിസറൊ ആയിരുന്നു. മാർക്വിസ് സിസറൊയുടെ കാഴ്ചപ്പാടുകൾ പെട്രാർക്കിനെ വളരെയധികം സ്വാധീനിച്ചു. വിവിധ മേഖലകളിൽ അഗാധ പാണ്ഡിത്യം പ്രദർശിപ്പിച്ചിട്ടുള്ള മഹാനായിരുന്നു പുരാതന റോമിൽ ജീവിച്ചിരുന്ന സിസറൊ.


ഫ്രാൻസിസ്കൊ പെട്രാർക്കിന്റെ ഛായാചിത്രം

1304 ജൂലൈ 20 നാണ് ഇറ്റലിയിലെ അരെസ്സോ എന്ന പട്ടണത്തിൽ പെട്രാർക്ക് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് നിയമരംഗത്ത് പ്രവർത്തിച്ചിരുന്ന ഒരാളായതുകൊണ്ട് പെട്രാർക്കിനെയും ഒരു നിയമവിദഗ്ധനാക്കാനായിരുന്നു പിതാവിന്റെ താത്പര്യം. പിതാവിന്റെ നിർബന്ധബുദ്ധിക്ക് വഴങ്ങി ഏഴു വർഷത്തോളം നിയമം പഠിച്ചെങ്കിലും അത് തനിക്ക് ചേരാത്ത മേഖലയാണെന്ന് തിരിച്ചറിഞ്ഞ പെട്രാർക്ക് നിയമപഠനം പാതിവഴിയിൽ ഉപേക്ഷിക്കുകയും ലത്തീൻ സാഹിത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.

ലാറ എന്ന യുവതിയോടുള്ള പ്രണയം പെട്രാർക്ക് 366 ഭാവഗീതങ്ങളിൽ പകർന്നുവച്ചു. 'കൺസോനി യേരെ' എന്ന പേരിൽ അറിയപ്പെട്ട പാട്ടുപുസ്തകത്തിലൂടെ പെട്രാർക്ക് ഇറ്റലിയിലും യൂറോപ്പിലും പ്രശസ്തനായി. റോമൻ ഭരണാധികാരികൾ അദ്ദേഹത്തിന് ആസ്ഥാനകവി പട്ടം നൽകി ആദരിച്ചു. നവോത്ഥാന കാലഘട്ടത്തിൽ പെട്രാർക്കിന്റെ ഗീതകങ്ങൾ യൂറോപ്പിലെങ്ങും അംഗീകരിക്കപ്പെടുകയും അനുകരിക്കുകയും ചെയ്തു.

ക്രിസ്തീയമതവിശ്വാസം പിൻതുടർന്നപ്പോഴും പെട്രാർക്ക് മനുഷ്യന്റെ അപാരമായ ബുദ്ധിശക്തിയിലും കഴിവിലും ഉറച്ചു വിശ്വസിച്ചിരുന്നു.

പുരാതനചരിത്രവും സാഹിത്യചരിത്രവും പഠിക്കുന്നതിന് പെട്രാർക്ക് വളരെയധികം താത്പര്യം പ്രകടിപ്പിച്ചു. മനുഷ്യനിലും ഭാവിയിലുമുള്ള വിശ്വാസം അദ്ദേഹം മുറുകെ പിടിച്ചു. ചരിത്രത്തിൽ എന്തുനേടിയോ അതിനേക്കാൾ മഹത്തരമായ നേട്ടങ്ങൾ കൊയ്യാൻ മനുഷ്യന് സാധ്യമാകുമെന്ന് പെട്രാർക്ക് വിശ്വസിച്ചിരുന്നു. മനുഷ്യനിലുള്ള അഗാധമായ വിശ്വാസം ഉയർത്തിപ്പിടിച്ചതുകൊണ്ട് 'ഹ്യുമനിസത്തിന്റെ പിതാവ്' എന്നും പെട്രാർക്കിനെ വിളിച്ചു.

1374 ജൂലൈ 18 ന് താൻ സ്ഥാപിച്ച ലൈബ്രറിയിൽ വച്ച് ഇഹലോകവാസം വെടിഞ്ഞു. 'സീക്രട്ടം' അദ്ദേഹത്തിന്റെ പ്രശസ്തമായ മറ്റൊരു കൃതിയാണ്. ഒരേസമയം മതവിശ്വാസം വച്ചുപുലർത്തുകയും മനുഷ്യന്റെ കഴിവിൽ അങ്ങേയറ്റം വിശ്വാസം അർപ്പിക്കുകയും ചെയ്യുന്നതിൽ പെട്രാർക്ക് വൈരുധ്യം കണ്ടെത്തിയില്ല.

# നാർസിസസും എക്കോയും

**എം ഗീതാഞ്ജലി**



അതിസുന്ദരിയായ ഒരു പെൺകുട്ടിയായിരുന്നു എക്കോ. ആരോടും എന്തിനോടും നിർത്താതെ സംസാരിച്ചുകൊണ്ടിരിക്കാൻ ഈ സുന്ദരിക്കുട്ടിക്ക് വലിയ ഇഷ്ടമായിരുന്നു. സംസാരിച്ചിരിക്കാൻ കൂട്ടുകാരെ കിട്ടിയില്ലെങ്കിൽ പുഴയോടും പൂക്കളോടും പുല്ലിനോടും കിളികളോടും ഒക്കെ ഈ വായാടിപ്പെണ്ണ് കിന്നാരം പറയും.

ഒരുദിവസം സ്വർഗത്തിലിരുന്ന് ദേവറാണിയായ ഹീരാദേവി ഇതുകണ്ടു. കിലുക്കാംപെട്ടിപോലെ നിർത്താതെ വർത്തമാനം പറഞ്ഞ് എക്കോ നടക്കുന്നത് ദേവിക്ക് ഒട്ടും രസിച്ചില്ല. ദേവി അവളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

''കുട്ടീ, നിനക്ക് കുറച്ചു നേരമെങ്കിലും മിണ്ടാതിരുന്നുകൂടേ?'' ഹീരാദേവി അവളോടു ചോദിച്ചു.

''അതെന്തിന്? ഞാൻ സംസാരിക്കുന്നതുകൊണ്ട് മറ്റാർക്കും ഒരു ബുദ്ധിമുട്ടുമില്ലല്ലോ.'' എക്കോയുടെ മറുപടിയും പെട്ടെന്നു വന്നു.

ഹീരാദേവിക്ക് ദേഷ്യം വന്നു.''എന്നോടു തർക്കുത്തരം പറയാൻമാത്രം നീ വളർന്നോ? അതും ദേവന്മാരുടെ മഹാ

വര: ടി ആർ രാജേഷ്

റാണിയായ എന്നോട്! എന്നാൽ ഇന്നു മുതൽക്ക് നിനക്ക് സംസാരിക്കാൻ കഴിയാതാവട്ടെ. മറ്റുള്ളവർ പറയുന്നതിന്റെ അവസാനവാക്ക് ഏറ്റുപറയാനല്ലാതെ സ്വന്തമായി നിനക്കിനി ഒന്നും പറയാനാവില്ല. പോ എന്റെ മുമ്പീന്ന്. വല്ല കുന്നിൻ മേലോ ഗുഹകളിലോ ആരും കാണാതെ കഴിഞ്ഞോണം. ആരെങ്കിലും വിളിച്ചാലല്ലാതെ ഒരാളുടെയും മുന്നിൽ നിനക്ക് പോകാൻ കഴിയാതാവട്ടെ.'' ദേവി എക്കോയെ ശപിച്ചു.

ദേവിയുടെ ശാപം ഫലിച്ചു. എക്കോയ്ക്ക് ഒരു വാക്കുപോലും പറയാൻ കഴിയാതായി. കരഞ്ഞുകൊണ്ട് അവൾ കാട്ടിൽ അലഞ്ഞുനടന്നു.

ഒരുനാൾ അതിസുന്ദരനായ ഒരു ചെറുപ്പക്കാരൻ വഴിതെറ്റി ആ കാട്ടിലെത്തി. അയാൾ വഴി തേടി അലഞ്ഞുനടക്കുന്നത് മരങ്ങൾക്കു പിന്നിൽ മറഞ്ഞുനിന്ന് എക്കോ കണ്ടു. ഓ! എന്തൊരു സുന്ദരനാണിയാൾ! ആദ്യത്തെ കാഴ്ചയിൽത്തന്നെ അവൾക്ക് ചെറുപ്പക്കാരനെ വളരെ ഇഷ്ടമായി. അയാളുടെ അടുത്തു ചെല്ലാനും സംസാരിച്ചിരിക്കാനും അവൾക്കു കൊതിയായി. പക്ഷേ ആരെങ്കിലും വിളിച്ചാലല്ലാതെ അവൾക്ക് ഒരാളുടെയും മുന്നിൽ ചെല്ലാനാവില്ലല്ലോ.

നാർസിസസ് എന്നായിരുന്നു അയാളുടെ പേര്. കാട്ടിൽ അലഞ്ഞുതിരിയുന്ന നാർസിസസിനെ എക്കോ പിൻതുടർന്നു. മരങ്ങൾക്കും കുറ്റിച്ചെടികൾക്കും വള്ളിപ്പടർപ്പുകൾക്കും പിന്നിൽ മറഞ്ഞിരുന്ന് അവൾ അയാളെ സ്നേഹത്തോടെ നോക്കി. അയാൾ എന്നെ ഒന്നു കണ്ടെങ്കിൽ, ഇഷ്ടപ്പെട്ടെങ്കിൽ – അവൾ ആശിച്ചു.

കാടിന്റെ ഭംഗി കണ്ടുനടന്ന നാർസിസസ് പെട്ടെന്നു നിന്നു. എന്നെയാരോ പിൻതുടരുന്നുണ്ടോ? കരിയിലകൾ അനങ്ങുന്നപോലെ തോന്നിയില്ലേ? അയാൾ ചുറ്റും നോക്കി.

''ആരാണവിടെ?'' അയാൾ ഉറക്കെ ചോദിച്ചു.

''...അവിടെ?'' അവസാനവാക്ക് ആവർത്തിക്കാനേ എക്കോയ്ക്ക് കഴിഞ്ഞുള്ളൂ.

നാർസിസസ് ചുറ്റുംനോക്കി. ഒളിഞ്ഞിരുന്ന് തന്നെ കളിയാക്കുന്നതാരാണ്?

''ആരാണെന്നെ പരിഹസിക്കുന്നത്?'' അയാൾ ചോദിച്ചു.

''...പരിഹസിക്കുന്നത്?''

''ആരായാലും ഒളിച്ചിരിക്കാതെ എന്റെ മുന്നിൽ വരൂ.'' അയാൾക്കു ദേഷ്യം വന്നുതുടങ്ങി.

''...വരൂ.'' എക്കോ മറുപടിയായി ഇതും പറഞ്ഞുകൊണ്ട് നാർസിസസിന്റെ മുന്നിലേക്കു കടന്നുവന്നു. സ്നേഹത്തോടെ അരികിലെത്തി അയാളുടെ കണ്ണുകളിലേക്കു നോക്കിനിന്നു. സ്വന്തമായി ഒന്നുംപറയാനാവാതെ അവൾ കുഴങ്ങി. പതുക്കെ വിരലുകൾ നീട്ടി അയാളുടെ കൈയിൽ തൊട്ട് അവൾ പുഞ്ചിരിച്ചു. അവളുടെ പുഞ്ചിരി പരിഹാസച്ചിരിയായി നാർസിസസ് കണക്കാക്കി.

''ആഹാ! നീയാണല്ലേ എന്നെ കളിയാക്കിയത്? എന്നിട്ടിപ്പോൾ സ്നേഹോം നടിച്ച് വന്നിരിക്കുന്നു. എന്റെ മുന്നീന്ന് പോ.'' അയാൾ ഉച്ചത്തിൽ പറഞ്ഞു.

''...മുന്നീന്ന് പോ.'' എക്കോ സങ്കടത്തോടെ പറഞ്ഞു.

''ആഹാ വീണ്ടും കളിയാക്കുന്നോ! നിന്നെ കാണുന്നതേ എനിക്കു വെറുപ്പാണ്.'' അവളുടെ കൈകൾ തട്ടിമാറ്റി അയാൾ അലറി.

''...എനിക്ക് വെറുപ്പാണ്.'' തേങ്ങിക്കൊണ്ട് എക്കോ കാട്ടിനുള്ളിലേക്ക് ഓടിപ്പോയി.

നാർസിസസ് കാട്ടിലൂടെ അലഞ്ഞുനടന്നു. അയാൾ കാണാതെ കുറച്ചു പിന്നിലായി എക്കോയും. ഉള്ളിലുള്ള സ്നേഹം പറഞ്ഞറിയിക്കാനാവാതെ അവൾക്കു വീർപ്പുമുട്ടി.

കുറേ നടന്നപ്പോൾ നാർസിസസിന് ദാഹിച്ചു. അൽപ്പം ദൂരത്തായി ഒരു അരുവി ഒഴുകുന്നുണ്ടായിരുന്നു. അയാൾ അതിന്റെ കരയിൽ ചെന്നിരുന്നു. നല്ല തെളിഞ്ഞ വെള്ളം. അയാൾ കുനിഞ്ഞ് കൈക്കുമ്പിളിൽ വെള്ളമെടുക്കാൻ തുനിഞ്ഞു. അതാ! വെള്ളത്തിനടിയിൽ ആരാണ് ഒളിഞ്ഞിരിക്കുന്നത്? അയാൾ അത്ഭുതത്തോടെ ഉറ്റുനോക്കി. അതിസുന്ദരനായ ഒരു ചെറുപ്പക്കാരൻ. അയാൾ തന്നെയും സൂക്ഷിച്ചുനോക്കുകയാണല്ലോ. നാർസിസസ് വെള്ളത്തിനടിയിലെ ആളോട് പുഞ്ചിരിച്ചു. അപ്പോൾ അയാളും പുഞ്ചിരിച്ചു. നാർസിസസിന് സന്തോഷമായി. അയാൾ പറഞ്ഞു. ''സുന്ദരനായ നീ ആരാണ്? ആരായാലും എനിക്ക് നിന്നെ ഒരുപാടൊരുപാട് ഇഷ്ടമായി. വരൂ. പുറത്തേക്ക് വരൂ. നമുക്ക് ആടിയും പാടിയും കളിച്ചും ഉല്ലസിക്കാം.''

അയാൾ കൈനീട്ടി ജലപ്പരപ്പിൽ തൊട്ടു. പ്രതിബിംബം ഓളത്തിൽ അലിഞ്ഞില്ലാതായി. തന്റെ തന്നെ പ്രതിബിംബമാണെന്നറിയാതെ നാർസിസസ്

ഇന്നു മുതൽക്ക് നിനക്ക് സംസാരിക്കാൻ കഴിയാതാവട്ടെ. മറ്റുള്ളവർ പറയുന്നതിന്റെ അവസാനവാക്ക് ഏറ്റുപറയാനല്ലാതെ സ്വന്തമായി നിനക്കിനി ഒന്നും പറയാനാവില്ല. പോ എന്റെ മുമ്പീന്ന്. വല്ല കുന്നിൻ മേലോ ഗുഹകളിലോ ആരും കാണാതെ കഴിഞ്ഞോണം. ആരെങ്കിലും വിളിച്ചാലല്ലാതെ ഒരാളുടെയും മുന്നിൽ നിനക്ക് പോകാൻ കഴിയാതാവട്ടെ.



ആ സുന്ദരരൂപനെ കാണാനായി അരുവിക്കരയിൽ കാത്തിരുന്നു. വെള്ളത്തിലെ അലകൾ അടങ്ങിയപ്പോൾ... വീണ്ടും അതാ ആ സുന്ദരരൂപൻ തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. താൻ ചിരിച്ചപ്പോൾ തിരിച്ച് ചിരിക്കുകയും, വർത്തമാനം പറയുമ്പോൾ ചുണ്ടനക്കുകയും ഒക്കെ ചെയ്യുന്നു. നാർസിസസ് ആ രൂപത്തെ തൊടാനായി വീണ്ടും കൈകൾ നീട്ടി. വെള്ളത്തിലെ ഓളങ്ങൾക്കുള്ളിൽ അത് മറഞ്ഞു.

പിന്നിൽ ഒളിഞ്ഞുനിന്ന് ഇതെല്ലാം കണ്ടുകൊണ്ടിരുന്ന എക്കോക്ക് മനസ്സിലായി എന്താണ് സംഭവിക്കുന്നതെന്ന്. അയാൾ വിളിക്കാതെ മുന്നിലേക്കു ചെല്ലാൻ ആവുകയില്ല. സ്വന്തമായി വാക്കുകൾ നഷ്ടപ്പെട്ടതുകൊണ്ട് അയാളെ കാര്യം പറഞ്ഞ് മനസ്സിലാക്കാനും വയ്യ. വല്ലാത്തൊരു സങ്കടംതന്നെ.

നാർസിസസ് ആണെങ്കിൽ സ്വന്തം പ്രതിച്ഛായയെ അന്ധമായി പ്രണയിച്ചുകൊണ്ട് ആ അരുവിക്കരയിൽത്തന്നെ ഇരിപ്പായി. പകൽ സൂര്യവെളിച്ചത്തിലും രാത്രി നിലാവിലും തെളിഞ്ഞ ആ സുന്ദരമുഖത്തുനിന്നു കണ്ണെടുക്കാനാവാതെ അയാളവിടെ ഇരുന്നു. തിന്നാതേയും കുടിക്കാതേയും അയാൾ മെലിഞ്ഞു മെലിഞ്ഞു വന്നു. ജലത്തിനടിയിലെ സുന്ദരനും മെലിഞ്ഞുമെലിഞ്ഞ് വരുന്നത് നാർസിസസ് കണ്ടു. തന്റെ അടുക്കലേക്ക് വരാനാകാത്ത സങ്കടം കൊണ്ടാകാം.

ദിവസങ്ങൾ കടന്നുപോയി. ജലപ്പരപ്പിനടിയിലെ തന്റെ പ്രതിച്ഛായയെ സ്നേഹിച്ചുസ്നേഹിച്ച് ഒടുവിൽ ഒരുനാൾ നാർസിസസ് അവസാനശ്വാസം വലിച്ചു. ആ അരുവിക്കരയിൽ അയാൾ മരി

ച്ചുവീണു. കുറച്ചകലെയായി അയാളെത്തന്നെ നോക്കിനിന്നിരുന്ന എക്കോക്ക് കണ്ണീരൊഴുക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ.

നാർസിസസിന്റെ കരളലയിക്കുന്ന അന്ത്യം അരുവിയിൽ നിന്നു പൊന്തിവന്ന ജലദേവതമാരും കണ്ടുനിൽക്കുന്നുണ്ടായിരുന്നു. അവർ അരുവിക്കരയിൽ പച്ചപ്പുല്ലിൽ അയാളുടെ ദേഹം എടുത്തുകിടത്തി. നിമിഷങ്ങൾക്കുള്ളിൽ അതൊരു മനോഹരമായ വെള്ളാമ്പൽപ്പൂവായി മാറി. അരുവിക്കരയ്ക്കു അടുത്തായി വെള്ളത്തിൽ തന്റെ നീണ്ട തണ്ടിൽ അത് വിരിഞ്ഞുനിന്നു. അപ്പോഴും ആ പൂവ് തലയുംനീട്ടി ജലപ്പരപ്പിലേക്ക് നോക്കിത്തന്നെയാണ് നിന്നത്.

എക്കോയുടെ വലിയ കണ്ണുകളിൽ നിന്ന് നീർത്തുള്ളികൾ അടർന്നടർന്ന് വീണു. തന്നിൽ നിന്ന് മുഖം തിരിച്ച് വെള്ളത്തിലേക്കുതന്നെ നോക്കിനിൽക്കുന്ന വെള്ളാമ്പൽപ്പൂവിനെ അവൾ ദുഃഖത്തോടെ കണ്ടുനിന്നു.

നാളുകൾ നീങ്ങവേ എക്കോ ശോഷിച്ചുവന്നു. ഒടുവിൽ ഒരു വെറും ശബ്ദം മാത്രമായി അവൾ. കുന്നിൻ ചരിവുകളിലും ഗുഹകളിലും അവൾ അലഞ്ഞുനടന്നു. ആരെങ്കിലും പറയുന്നതിന്റെ അവസാനഭാഗം മാത്രം പറഞ്ഞുകൊണ്ട് അദൃശ്യയായി അവൾ ഇന്നും കഴിയുന്നു.

അവനവനെത്തന്നെ ഒരാൾ വല്ലാതെ സ്നേഹിക്കുന്നതിനെ, സ്വന്തം സൗന്ദര്യത്തിൽത്തന്നെ വല്ലാതെ ആകൃഷ്ടനാകുന്നതിനെ മനഃശാസ്ത്രത്തിൽ 'നാർസിസം' എന്നാണ് പറയുന്നത്. എക്കോ (Echo) എന്ന ഇംഗ്ലീഷ് പദത്തിനർഥം മാറ്റൊലിയെന്നും.

കവിത

# ദൈവം

**ഹരിദാസ് സാരംഗി**




ദേവാലയത്തിന്നകത്തല്ല ദൈവം
പുറത്തുള്ള മർത്യന്നകത്താണു ദൈവം
കാണിക്ക കൈനീട്ടി വാങ്ങാത്ത ദൈവം
ആലംബഹീനനു തുണയാണു ദൈവം.

മുന്നേരമന്നം കഴിക്കില്ല ദൈവം
വിശക്കുന്നവനന്നമാകുന്നു ദൈവം
ഊമയ്ക്കു വാക്കായ് തെളിയുന്നു ദൈവം
അന്ധന്നു വെട്ടം തെളിക്കുന്നു ദൈവം.

നല്ല വാക്കായി, നൽ ചിന്തകളായി
നല്ല കർമങ്ങളായ് നൽക്കരുത്തായി
നല്ലവരായ് നിങ്ങളെന്നും വിളങ്ങാൻ
ഉള്ളിൽ വെളിച്ചം നിറയ്ക്കട്ടെ ദൈവം.

# രണ്ടു പണ്ഡിതർ

ഗിഫു മേലാറ്റൂർ

ബാഗ്ദാദിലെ അൽറഷീദ് രാജാവിന്റെ സദസ്സിൽ അന്യദേശത്തു നിന്ന് രണ്ടു പണ്ഡിതർ വന്നെത്തി.

രാജാവിന് പണ്ഡിതന്മാരെ വലിയ കാര്യമായിരുന്നു. അദ്ദേഹം രണ്ടുപേരെയും വളരെ മാന്യമായി സ്വീകരിച്ചിരുത്തി.

''ഞാൻ ബുദ്ധിവർമൻ, ഇതെന്റെ സുഹൃത്ത് കൂർമബുദ്ധി.'' അവർ സ്വയം പരിചയപ്പെടുത്തി.

രാജാവ് അവർക്കുവേണ്ടി കൊട്ടാരത്തിൽ പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കി, ഒരാഴ്ച കഴിഞ്ഞേ പോകാവൂ എന്ന് നിർദേശിച്ചു.

അവരുടെ സംസാരത്തിൽ നിന്നുതന്നെ രാജാവിനൊരു കാര്യം ബോധ്യപ്പെട്ടിരുന്നു; ഇരുവരും പരസ്പരം പാരവയ്ക്കുന്നവരും കുശുമ്പരുമാണെന്ന്. ഇരുവരെയും ഒന്നു കളിപ്പിക്കാൻ തന്നെ രാജാവ് തീരുമാനിച്ചു.



വര: ടി ആർ രാജേഷ്

അപ്പോൾ തന്നെ രാജാവ്, ബുദ്ധിവർമനെ തനിച്ച് കൊട്ടാരത്തിലേക്കു വിളിപ്പിച്ചു.

''താങ്കൾ മഹാപണ്ഡിതൻ തന്നെ. നമുക്ക് ശരിക്കും ബോധ്യമായി. ചങ്ങാതിയെക്കുറിച്ച് എന്താണഭിപ്രായം?''

രാജാവിന്റെ ചോദ്യത്തിനു കാത്തിരുന്നിട്ടെന്നവണ്ണം ബുദ്ധിവർമൻ വാചാലനായി.

''ചങ്ങാതിയെപ്പറ്റിയാണോ അറിയേണ്ടത്? അതയാളുടെ രൂപത്തിൽനിന്നുതന്നെ അറിയാമല്ലോ. തനി കഴുതയാ... പിന്നെ എന്നോടൊപ്പമല്ലേ സഹവാസം. അതുകൊണ്ട് ആർക്കും ഒന്നുമറിയില്ലെന്നുമാത്രം...''

രാജാവ് മനസ്സാ ഊറിച്ചിരിച്ചു. പിന്നെ കൂർമബുദ്ധിയെ വിളിപ്പിച്ച് ചോദ്യം ആവർത്തിച്ചു:

''കൂട്ടുകാരനെക്കുറിച്ച് എന്താണഭിപ്രായം?''

''കഴുത! തനി മൃഗം തന്നെ! പിന്നെ ഞാനുള്ളതുകൊണ്ട് ആർക്കും ഒന്നും മനസ്സിലാകുന്നില്ലെന്നു മാത്രം!''

പണ്ഡിതരെ ആദരിക്കുന്ന ദിവസം വന്നെത്തി. യാത്രയയപ്പിന് കൊട്ടാരസദസ്സ് നിറഞ്ഞു കവിഞ്ഞു. രാജാവ് പറഞ്ഞു.

''ഈ വിജ്ഞാനജ്യോതിസ്സുകളെ പറഞ്ഞുപരിചയപ്പെടുത്തേണ്ടതില്ലല്ലോ. ഇവർ അപാര പണ്ഡിതന്മാരായതിനാൽ നാം ഇവരെ അർഹിക്കുന്ന വിധം ആദരിക്കാൻ തീരുമാനിച്ചിരിക്കുന്നു...''

സദസ്യർക്ക് കൗതുകമായി. കൊട്ടാരംപരിചാരകർ മുഷിഞ്ഞ തുണിക്കെട്ടുകളും ഉപ്പുചാക്കുകളുമായി സദസ്സിലെത്തി. അവ യത്രയും പണ്ഡിതന്മാരുടെ മുന്നിൽവെച്ചു. ആർക്കും ഒന്നും മനസ്സിലായില്ല.

''നിങ്ങൾ രണ്ടുപേരും കഴുതകൾ തന്നെയാണെന്ന് നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. കഴുതകൾക്കു യോജിച്ചത് വിഴുപ്പും ഉപ്പുചാക്കും ചുമക്കലാണ്.''

രാജാവ് എന്താണുദ്ദേശിച്ചതെന്ന് രണ്ടു പണ്ഡിതർക്കും എളുപ്പം പിടികിട്ടി. പരസ്പര ബഹുമാനമില്ലാതെ അസൂയയും കുശുമ്പുമായി നടന്ന തങ്ങളെ ഉചിതമായി കണ്ണുതുറപ്പിച്ച അൽറഷീദ് രാജാവിനോട് ഇരുവരും മാപ്പു പറഞ്ഞു.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു



സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറു ലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്.

അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തവുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34**

സുഗതകുമാരി

# ഭീഷ്മർ വീഴുന്നു

ഭീഷ്മർ കുറച്ചുനേരം മിണ്ടിയില്ല. ധ്യാനത്തിലെന്നപോലെയിരുന്നു. പിന്നീട് ദു:ഖത്താൽ നെടുവീർപ്പിട്ടുകൊണ്ടും ക്രുദ്ധനായ സർപ്പത്തെപ്പോലെ കോപമാർന്നും ഇങ്ങനെ പറഞ്ഞു. 'സുയോധന, മുനവെച്ച വാക്കുകൾകൊണ്ട് നീയെന്നെ എന്തിനിങ്ങനെ കുത്തിമുറിവേൽപ്പിക്കുന്നു? എന്നും ഞാൻ നിന്റെയിഷ്ടത്തിന് നിന്നു. ഇനിയീ യുദ്ധത്തിൽ ഞാൻ പ്രാണനും ത്യജിക്കാം. നീ അർജുനന്റെ പരാക്രമങ്ങൾ ഓർത്തുനോക്കുക. ഖാണ്ഡവദാഹം മുതൽ വിരാടനാട്ടിലെ യുദ്ധം വരെയുള്ള ദൃഷ്ടാന്തങ്ങളില്ലേ മുന്നിൽ? നിവാതകവചന്മാരെ വെല്ലാൻ ദേവേന്ദ്രൻ തേരിലേറ്റിക്കൊണ്ടു പോയവനല്ലേ അവൻ! അവന് തുണയോ സാക്ഷാൽ ഗോവിന്ദൻ! ഭഗവാൻ ശ്രീകൃഷ്ണൻ തെളിക്കുന്ന തേരിൽ നേരിട്ടുവരുന്ന വിജയനെവെല്ലാൻ ഈ ത്രിലോകത്തിലും ആരുമില്ലെന്നറിയുക. എത്രവട്ടം ഇക്കാര്യം നിന്നോട് ഞാൻ പറഞ്ഞു! നാരദരും വ്യാസമഹർഷിയും ഗാന്ധാരീദേവിയും ആചാര്യന്മാരും വിദുരരുമെല്ലാം ആയിരംവട്ടം ഉപദേശിച്ചിട്ടും ഭാഗ്യംകെട്ടവനേ, നീയത് ചെവിക്കൊണ്ടില്ല. വൃദ്ധനായ ഞാനിതാ വീണ്ടും യുദ്ധത്തിനിറങ്ങുകയായി.'

അന്നു രാത്രിയിൽ ശ്രീകൃഷ്ണനും പാണ്ഡവന്മാരും അസ്വസ്ഥരായി എന്താണിനി വേണ്ടത് എന്നാലോചിക്കുകയായി. 'ഭീഷ്മർ അവധ്യനാണ്. അദ്ദേഹം വീഴാതെ യുദ്ധം ഒരുനാളും അവസാനിക്കില്ല. എന്താണിനി ചെയ്യേണ്ടത്? അദ്ദേഹത്തോടു തന്നെ ചോദിക്കുക.' എന്ന ശ്രീകൃഷ്ണന്റെ വാക്കുകൾകേട്ട് യുധിഷ്ഠിരനും സോദരന്മാരും ഭഗവാനെ മുൻനിർത്തി ഭീഷ്മരുടെ ശിബിരത്തിലേക്ക് പടച്ചട്ടകൾ അഴിച്ചുമാറ്റി നിരായുധരായി കടന്നുചെന്ന് വന്ദിച്ചുനിന്നു. പ്രിയതരരായ അവരെക്കണ്ട് പ്രസന്നനായി പിതാമഹൻ ചോദിച്ചു. 'ഹേ സ്വാഗതം വാസുദേവ, യുധിഷ്ഠിര, ഭീമ, അർജുന, നകുല സഹദേവന്മാരെ, നിങ്ങൾക്കേവർക്കും സ്വാഗതം. ഈ രാത്രിവേളയിൽ എല്ലാവരുംകൂടി എന്തിനാണോ ഈ വൃദ്ധനെ കാണുവാൻ എത്തിയത്? എന്തായാലും പറഞ്ഞുകൊള്ളൂ. ഞാൻ ചെയ്യുന്നതാണ്.' വാത്സല്യമധുരമായ ഈ വാക്കുകൾകേട്ട് കണ്ണുനീരൊഴുക്കിക്കൊണ്ട് യുധിഷ്ഠിരൻ കൈകൂപ്പി നിന്നു ചോദിച്ചു. 'പിതാമഹ, എങ്ങനെയാണ് ഞങ്ങൾ രാജ്യം നേടേണ്ടത്? അങ്ങ് സേനാധിപതിയായി തുടരുന്നിടത്തോളംകാലം ഈ പ്രജാക്ഷയത്തിന് പരിഹാരമില്ലല്ലോ. അങ്ങ് സൂര്യനെപ്പോലെ തേരിൽ ജ്വലിച്ചുനിൽക്കുന്നു. ആ പെരുംവില്ല് വളഞ്ഞുതന്നെ കാണാകുന്നു. അമ്പെടുക്കുന്നതും തൊടുക്കുന്നതും വലിക്കുന്നതും വിടുന്നതുമൊന്നും കാണാനാവുന്നില്ല. ആയിരക്കണക്കിന് യോദ്ധാക്കൾ ഹതരാകുന്നു. പ്രഭോ, പിതാമഹാ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അങ്ങ് ആ തേരിലിരിക്കുന്നിടത്തോളംകാലം ഞങ്ങൾക്ക് അവകാശപ്പെട്ടതൊന്നും നേടാനാവില്ലല്ലോ. അങ്ങയെ വീഴ്ത്താൻ സാക്ഷാൽ ദേവേന്ദ്രനുപോലും ആവില്ല. പിതാമഹ, ഞങ്ങൾക്കു ഭയമോചനം നൽകിയാലും.' ഭീഷ്മർ ചിരിച്ചുകൊണ്ടു പറഞ്ഞു. 'ഉണ്ണീ, നീ പറഞ്ഞതു സത്യമത്രേ. ഞാൻ വീണാൽ മാത്രമേ യുദ്ധം മുന്നോട്ടു നീങ്ങുകയുള്ളൂ. നിങ്ങൾക്ക് ജയമുണ്ടാവട്ടെ. ഞാൻ നീചനോടും പെണ്ണിനോടും പെൺപേരുള്ളവനോടും വികലാംഗനോടും അമംഗളനോടും യുദ്ധം ചെയ്യുകയില്ലെന്ന് നിങ്ങൾക്കറിവുള്ളതാണല്ലോ. നിങ്ങളോടൊപ്പമുള്ള ശിഖണ്ഡിയെ മുന്നിൽ നിർത്തുക. എന്നിട്ട് അർജുന, നീയെന്നോടു യുദ്ധം ചെയ്യുക. നിങ്ങൾക്കു വിജയമുണ്ടാകട്ടെ.' കണ്ണുനീരോടെ ആ വന്ദ്യപാദങ്ങളിൽ നമസ്കരിച്ച് പാണ്ഡവർ വിടവാങ്ങി.

തങ്ങളുടെ ശിബിരത്തിലെത്തിയപ്പോൾ അർജുനൻ സങ്കടത്തോടും ലജ്ജയോടും പറഞ്ഞു. 'എങ്ങനെ ഞാൻ എയ്തു വീഴ്ത്തേണ്ടൂ എന്നെ വളർത്തിയ ആ മഹാപുരുഷനെ? ആ വാത്സല്യമൂർത്തിയെ? അച്ഛനില്ലാത്ത ഞാൻ കുട്ടിക്കാലത്ത് കളിച്ചുതിമർത്ത് മണ്ണും പൊടിയും പുരണ്ട് ഓടിച്ചെന്ന് ആ മടിത്തടത്തിലിരുന്ന്



വര: ജയേന്ദ്രൻ

കഴുത്തിൽ കെട്ടിപ്പിടിച്ച് 'അച്ഛാ' എന്ന് വിളിക്കുമ്പോൾ അദ്ദേഹം ചിരിക്കും. 'ഉണ്ണീ നിന്റെ അച്ഛനല്ല അപ്പൂപ്പനാണ് ഞാൻ' എന്നുപറഞ്ഞ് ലാളിക്കും. മാധവ, അദ്ദേഹത്തെയും ഞാൻ വീഴ്ത്തേണ്ടി വന്നിരിക്കുന്നു.'

*********

സഞ്ജയൻ പറഞ്ഞു. 'മഹാരാജാവേ, ഭീകരമായ കുരുപാണ്ഡവ യുദ്ധം തുടരുകയാണ്. ചില ദിവസം അങ്ങയുടെ മക്കൾ മുന്നേറുന്നു. പലനാളും അവർക്ക് പരാജയം. വില്ലാളിവീരനായ ഭീഷ്മർ സേനാനായകനായിരിക്കെ പാണ്ഡവർക്കു ജയമുണ്ടാവുക എളുപ്പമല്ല. കുരുക്ഷേത്രഭൂമി ചോരച്ചെളിയിൽ കുഴഞ്ഞുകിടക്കുന്നു. മൈതാനത്തിനരികിലൂടെ അരുവിപോലെ ചോരയൊലിക്കുന്നു. യുദ്ധഭൂമിയിൽ നിന്ന് കൈവഴികളായി ചോര ആ നദിയിൽ ചെന്നുചേരുകയാണ്. ആന, തേര്, കാലാൾ, കുതിര ഇവയുടെ മൃതദേഹങ്ങൾ കൂടിക്കലർന്നു കിടക്കുന്നു. മുറിവേറ്റവർ പ്രാണവേദനയോടെ കിടന്നുരുളുന്നതിനു മുകളിലൂടെ കുതിരകൾ വലിക്കുന്ന വൻരഥങ്ങൾ ഉരുണ്ടുനീങ്ങുന്നു. എല്ലാ നിമിഷവും ഞാണൊലികൾ ഉയരുന്നു. എല്ലാ നിമിഷവും ആക്രന്ദനങ്ങൾ കേൾക്കുന്നു. രാജാക്കന്മാരും സേനാനാഥന്മാരും സൂതരും പടയാളികളും രഥികളുമെല്ലാം ഇരുഭാഗത്തും ചത്തൊടുങ്ങിക്കൊണ്ടേയിരിക്കുന്നു. കൗരവപക്ഷത്തുള്ള മഹാവീരന്മാരും പാണ്ഡവരും തമ്മിൽ തുമുലയുദ്ധം ഓരോനാളും നടക്കുന്നു. ആയിരവും പതിനായിരവും സേനാനികൾ ഭീഷ്മരുടെ ബാണങ്ങളേറ്റ് മരിച്ചുകൊണ്ടിരിക്കുന്നു. മഹാരാജാവേ, യുദ്ധം തുടങ്ങിയിട്ട് പത്തുനാളായിക്കഴിഞ്ഞു.

മഹാരാജാവേ, കഠിനമായൊരു ദിനമാണിത്. പത്താം ദിവസം പുലർന്നപ്പോഴേക്ക് സൈന്യപംക്തികൾ നിരന്ന് വ്യൂഹങ്ങൾചമച്ച് വാദ്യങ്ങൾഘോഷിച്ച് ഏറ്റുമുട്ടിക്കഴിഞ്ഞു. പുലർച്ചയ്ക്കു പടകൂട്ടി ഭീഷ്മർ വീണ്ടും വില്ലെടുത്തു തേരിൽ കയറിയപ്പോൾ ദുര്യോധനൻ ദുശ്ശാസനനോടു പറഞ്ഞു. 'അനുജ, പിതാമഹനെ കാത്തുകൊള്ളുക. അദ്ദേഹം ക്രുദ്ധനാണ്. പാണ്ഡവരെ അദ്ദേഹം വധിക്കുകതന്നെ ചെയ്യും.'

ഭീഷ്മർ പറഞ്ഞു. 'ഞാൻ പാണ്ഡവപ്പടയെയും അവർക്ക് തുണനിൽക്കുന്ന രാജാക്കന്മാരെയും മുഴുവൻ മുടിക്കുന്നതാണ്. ശിഖണ്ഡിയെ ഒഴികെ. അവൻ പെണ്ണായിപ്പിറന്ന് പിന്നീട് ആണായി മാറിയവനാണ്, അവനെയൊഴിച്ച് മറ്റുള്ള ക്ഷത്രിയരെയെല്ലാം ഞാൻ വധിക്കും.' പിളർക്കാനാവാത്തവിധം മഹാവ്യൂഹങ്ങൾ നിർമിച്ച് രണ്ടുസേനകളും പോരുതുടങ്ങി. സേനാപതിയായ ഭീഷ്മരുടെ പിറകിൽ വീരയോദ്ധാക്കൾ അണിനിരന്നു. ദുര്യോധനൻ വീണ്ടും ശാസിച്ചു. 'ദുശ്ശാസന, രക്ഷയില്ലാത്ത സിംഹത്തെ ചെന്നായ്ക്കൾ കൊല്ലാനിടവരുത്തരുത്!' ദ്രോണരും ശല്യരും ശകുനിയും കൃപരും അശ്വത്ഥാമാവും ദുര്യോധന സോദരന്മാരും ഭീഷ്മരെ ചുറ്റി രക്ഷിച്ചു നിന്നു ബാണവർഷം പൊഴിച്ചു. ഇതുകണ്ട പാർഥൻ ധൃഷ്ടദ്യുമ്നനോടു പറഞ്ഞു. 'സോദര, ശിഖണ്ഡിയെ ഭീഷ്മരുടെ നേർക്ക് നിർത്തുക. ഞാൻ അവനെ രക്ഷിച്ചുകൊള്ളാം.' പെരുമ്പറ മുഴക്കങ്ങളും വാദ്യമേളങ്ങളും ഞാണൊലികളും തേരുരുളൊച്ചയും അട്ടഹാസങ്ങളും ആർത്തനാദങ്ങളും നിറഞ്ഞ ആ അന്തരീക്ഷത്തിൽ കൊള്ളിമീൻ മിന്നി. കൊടുങ്കാറ്റടിച്ചു. (തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.


## മരണത്തിനും ഒരു ഹൃദയമുണ്ട്

അനന്തര എസ്, ക്ലാസ് 9,
കാർമൽ ഗേൾസ് ഹയർ സെക്കൻഡറി
സ്കൂൾ, വഴുതക്കാട്

രണ്ടായിരത്തി പതിനെട്ടിൽ ഞാൻ വായിച്ച പുസ്തകങ്ങളിൽ എന്നെ പിടിച്ചുലച്ച ഒരു പുസ്തകമാണ് മാർക്കസ് സുസാക്കിന്റെ 'ദി ബുക്ക് തീഫ്'.

1939 ൽ നാസി ജർമനിയിലെ ഹിമ്മെൽ സ്ട്രീറ്റ് എന്ന സ്ഥലത്ത് നടക്കുന്ന ഒരു കഥയാണിത്. ലീസൽ എന്ന കൊച്ചുപെൺകുട്ടിയുടെ ജീവിതത്തെ ആസ്പദമാക്കി ആ കാലഘട്ടത്തിലെ സാമൂഹ്യ സാഹചര്യങ്ങളും നാസി പട്ടാളത്തിന്റെ ക്രൂരതകളും ഈ നോവലിൽ ആവിഷ്കരിക്കുന്നു. മരണമാണ് ഈ നോവലിന്റെ ആഖ്യാതാവ്.

ഹാൻസിന്റെയും റോസയുടെയും ദത്തുപുത്രിയായാണ് ലീസൽ ജർമനിയിൽ എത്തുന്നത്. കമ്യൂണിസ്റ്റുകാരിയായ ലീസലിന്റെ അമ്മ ഒളിവിൽ പോകാനായി ലീസലിനെയും അനുജനെയും ഹാൻസിന്റെയും റോസയുടെയും അടുത്ത് ഏൽപ്പിക്കാനായി പോകുന്നു. ആ യാത്രയിൽ തണുപ്പു സഹിക്കാൻ ആവാതെ ലീസലിന്റെ അനുജൻ മരണമടയുന്നു. അനുജന്റെ മരണാനന്തര ക്രിയകൾ നടക്കുമ്പോൾ കുഴിവെട്ടുകാരന്റെ പോക്കറ്റിൽ നിന്നു വീഴുന്ന ഒരു പുസ്തകം ലീസൽ എടുക്കുന്നു. അതാണ് 'ദി ബുക്ക് തീഫിന്റെ' ആദ്യത്തെ മോഷണം. ഹാൻസും ലീസലും തമ്മിലുള്ള ആത്മബന്ധത്തിന്റെ തുടക്കം ആ പുസ്തകത്തിലൂടെയാണ്. ഒരു ദിവസം മാക്സ് എന്നൊരു ജൂതനെ ഹാൻസും റോസയും തങ്ങളുടെ വീട്ടിൽ ഒളിപ്പിക്കുന്നു. മാക്സ് എന്ന ആ ജൂതനാണ്




ദി ബുക്ക് തീഫ്

ലീസയെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നത്. അതോടെ മാക്സും ലീസലും തമ്മിൽ ഒരു സൗഹൃദം ഉണ്ടാകുന്നു.

താമസിക്കുന്ന വീടിന്റെ സെല്ലാറിലെ

ചുമരിൽ വാക്കുകൾ എഴുതിയാണ് ലീസൽ പഠിക്കുന്നത്. ലീസലിന്റെ പഠിക്കാനുള്ള കഷ്ടപ്പാട് ഹൃദയസ്പർശിയായ രീതിയിൽ നോവലിസ്റ്റ് വിവരിക്കുന്നു. വായനയുടെയും എഴുത്തിന്റെയും ശക്തി മനസ്സിലാക്കിയ ലീസൽ നാസി പട്ടാളക്കാർ നശിപ്പിക്കുന്ന പുസ്തകങ്ങൾ മോഷ്ടിക്കുന്നു. മോഷ്ടിച്ച പുസ്തകങ്ങൾ വായിക്കുന്നതിനോടൊപ്പം തന്നെ ലീസൽ അവളുടെ കഥയെഴുതാനും തുടങ്ങുന്നു.

ലീസലിന്റെ സുഹൃത്തായ റൂഡി എന്ന ബാലനും നമ്മുടെ മനസ്സിൽ ഇടംപിടിക്കുന്ന ഒരു കഥാപാത്രമാണ്. കറുത്ത വർഗക്കാരനായതുകൊണ്ട് ഹിറ്റ്ലർ ഏറ്റവും കൂടുതൽ വെറുക്കുന്ന ഒരു ഓട്ടക്കാരനാണ് ജെസ്സി ഓവൻസ്. റൂഡി എന്ന ആ ബാലന് ജെസ്സി ഓവൻസ് ആവണം എന്നായിരുന്നു ആഗ്രഹം. ജീവിതത്തിൽ ഉണ്ടാകുന്ന സന്തോഷങ്ങളും വിഷമങ്ങളുമെല്ലാം കൂടിച്ചേർന്ന ജീവിതഗന്ധിയായ ഒരു നോവലാണിത്.

യുദ്ധം സാധാരണ മനുഷ്യരുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളും മുറിവുകളും നമുക്ക് ഈ നോവലിൽ കാണാം. കുട്ടികളും മുതിർന്നവരും ഒരുപോലെ വായിച്ചിരിക്കേണ്ട നോവലാണിത്.

2013 ൽ ഈ നോവലിനെ ആസ്പദമാക്കി ബ്രിയൻ പെർസിവൽ സംവിധാനം ചെയ്ത സിനിമ ലോകം കണ്ടു. 'ദി ബുക്ക് തീഫ്' എന്ന പേരിൽ തന്നെയാണ് സിനിമ പുറത്തിറങ്ങിയത്.


മാർക്കസ് സുസാക്ക്

നോവലിൽ നിന്ന് അധികമൊന്നും വ്യത്യാസം വരുത്താതെയാണ് ബ്രിയൻ പെർസിവൽ സിനിമ സംവിധാനം ചെയ്തത്. ഈ നോവലും സിനിമയും ഹൃദ്യമായ ഒരനുഭവമാണ് നമുക്ക് സമ്മാനിക്കുക.



# പേര്

തെങ്ങിനുണ്ടൊരു പേര്
കേരം എന്നൊരു പേര്
പൂവിനുണ്ടൊരു പേര്
പുഷ്പം എന്നൊരു പേര്
ഭംഗിക്കുണ്ടൊരു പേര്
ചന്തം എന്നൊരു പേര്
കുന്നിനുണ്ടൊരു പേര്
മേട് എന്നൊരു പേര്
കാട്ടിനുണ്ടൊരു പേര്
വനം എന്നൊരു പേര്
വീടിനുണ്ടൊരു പേര്
ഭവനം എന്നൊരു പേര്
പൂന്തോട്ടത്തിൻ പേര്
പൂവനം എന്നൊരു പേര്
ആകാശത്തിൻ പേര്
മാനമെന്നൊരു പേര്.


വര: ഗോപു പട്ടിത്തറ

**ഗ്രിൻഷ ഗിരീഷ്, ക്ലാസ് 2 ബി,**
**അമലോത്ഭവ എൽ പി സ്കൂൾ,**
**പുളിങ്കുന്ന് പി ഒ, ആലപ്പുഴ**

## യുവ എഴുത്തുകാർക്കുവേണ്ടി ഫെബ്രുവരി , മാർച്ച് മാസങ്ങളിലായി നടത്തുന്ന ബാലസാഹിത്യശില്പശാല

കുട്ടികൾക്കുവേണ്ടി എഴുതാൻ താത്പര്യമുള്ള 18 വയസ്സിനും 40 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്കായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് രണ്ടു ദിവസത്തെ ബാലസാഹിത്യശില്പശാലകൾ സംഘടിപ്പിക്കുന്നു. വടക്കൻമേഖല (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, വയനാട് ), മധ്യമേഖല (മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ), തെക്കൻമേഖല (ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ) എന്നിങ്ങനെ മൂന്ന് ശില്പശാലകളാണ് നടക്കുക. അതത് മേഖലകളിലെ ജില്ലകളിൽ താമസിക്കുന്നവർക്കാണ് ശില്പശാലയിലേക്കു പ്രവേശനം. ബാലസാഹിത്യ മേഖലയിലെ വിവിധ വിഷയങ്ങൾ ശില്പശാലകളിൽ കൈകാര്യം ചെയ്യും. ശാസ്ത്രം, വൈജ്ഞാനികം, കഥ, കവിത, നാടകം തുടങ്ങിയ മേഖലകളിൽ ബാലസാഹിത്യമെഴുതാൻ താത്പര്യമുള്ള യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ശില്പശാലയുടെ ലക്ഷ്യം. വടക്കൻ ജില്ലാമേഖലയിലെ ശില്പശാല കോഴിക്കോടും മധ്യമേഖലയിലേത് തൃശൂരും തെക്കൻ മേഖലയിലേത് തിരുവനന്തപുരത്തും വച്ച് നടക്കും

## പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്കായി സർഗവസന്തം ക്യാമ്പുകൾ

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്കായി നാടക ക്യാമ്പ് സംഘടിപ്പിക്കുന്നു. വയനാട്, അട്ടപ്പാടി എന്നിവിടങ്ങളിലായി നടത്തുന്ന ഈ ക്യാമ്പുകളിൽ 50 കുട്ടികൾക്കാണ് പ്രവേശനം. വയനാട് ജില്ലയിലെ ക്യാമ്പ് ഫെബ്രുവരി മാസത്തിൽ നടന്നു.

## രണ്ടാമത് കൃതി അന്താരാഷ്ട്ര പുസ്തകോത്സവം

ഫെബ്രുവരി 8 ന് എറണാകുളം മറൈൻഡ്രൈവിൽ ആരംഭിച്ച രണ്ടാമത് കൃതി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പങ്കെടുത്തു. ഫെബ്രുവരി 17ന് പ്രദർശനം സമാപിച്ചു.

## ഡി പി ഐയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന വായനയുടെ വസന്തം

ഡി പി ഐയുടെ ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂൾ ലൈബ്രറികൾ വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ പതിനാലു ജില്ലകളിലായി ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പുസ്തകോത്സവം സംഘടിപ്പിച്ചു. പ്രസ്തുത വായനാവസന്തത്തിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പങ്കാളിയായി.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typeset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഉണ്ടാക്കാം

# ബലൂൺ കാർ


അരവിന്ദ് ഗുപ്ത

എളുപ്പത്തിൽ നമുക്ക് ഒരു ബലൂൺ കാർ ഉണ്ടാക്കിയാലോ...



**ആവശ്യമുള്ള സാധനങ്ങൾ**


- പ്ലാസ്റ്റിക് ബോട്ടിലിന്റെ 4 അടപ്പുകൾ
- ഒരേ വലിപ്പമുള്ള 2 ഒഴിഞ്ഞ റീഫിൽ കഷ്ണങ്ങൾ
- ഒരേ വലിപ്പമുള്ള 2 സൈക്കിൾ കമ്പികൾ, വളവുള്ള ഒരു സ്ട്രോ, ഒരു ബലൂൺ, ഒരു റബ്ബർ ബാൻഡ്
- ഒരു ഐസ്ക്രീം സ്റ്റിക്, ചെറിയ 4 റബ്ബർ കഷ്ണങ്ങൾ
- പശ, സെല്ലോ ടേപ്പ്




1 ഐസ്ക്രീം സ്റ്റിക്കിൽ സെല്ലോ ടേപ്പ് ഉപയോഗിച്ച് ഇപ്രകാരം സ്ട്രോ ഒട്ടിച്ച് വയ്ക്കുക. റീഫിൽ കഷ്ണങ്ങളിൽ സൈക്കിൾ കമ്പി കടത്തി വീൽ ഘടിപ്പിക്കുക. റബ്ബർ കഷ്ണങ്ങളെ ചെറിയ അകലത്തിൽ ഐസ്ക്രീം സ്റ്റിക്കിന്റെ അടിയിൽ പശ ഉപയോഗിച്ച് ഒട്ടിച്ചു വയ്ക്കുക.



2 വീലിനെ ഇപ്രകാരം ഘടിപ്പിക്കുക.



3 സ്ട്രോയുടെ അറ്റത്ത് ബലൂൺ റബ്ബർ ബാൻഡ് ഉപയോഗിച്ച് കെട്ടി സ്ട്രോയുടെ മറ്റേ അഗ്രത്തിലൂടെ ബലൂൺ വീർപ്പിച്ച് ആ അഗ്രം കൈകൊണ്ട് മുറുക്കി പിടിക്കുക.



4 നിരപ്പായ ഒരു സ്ഥലത്ത് ബലൂൺ കാറിനെ വച്ച് സ്ട്രോയുടെ അറ്റത്തു നിന്നും കൈയെടുക്കുമ്പോൾ കാർ മുന്നോട്ടു പോകുന്നതു കാണാം. (ന്യൂട്ടന്റെ മൂന്നാം ചലന നിയമം)

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 March 2019
Regd KL/TV (N)/399/2018-2020 Published on 28-02-2019 Vol:25, Issue:03, ₹20

